# ബാല കുസുമം

2025 ഡിസംബർ
വില 16 രൂപ



## അറബിക്: സ്വർഗീയ ഭാഷ

## ഇന്ത്യയിലെ കൊടുമുടികൾ

## ഗുലാം റസൂൽ ഖാൻ

## ക്വിസ്
ആനുകാലികം, പൊതുവിജ്ഞാനം

## ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാർ

ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 11
2025 ഡിസംബർ

# ചുറ്റികത്തലയൻ

**മി**ക്ക പക്ഷികളും മുട്ടയിടാൻ ഒരു കൂടാണ് പണിയാറുള്ളത്. എന്നാൽ ചുറ്റികത്തലയൻ കൊക്കുകൾ പ്രജനനം നടത്തിയാലും ഇല്ലെങ്കിലും നിരവധി കൂടുകൾ നിർമിക്കാറുണ്ട്. പലയിടങ്ങളിൽ അലഞ്ഞുതിരിയുന്ന പക്ഷിയാണിവ. ഒരു മനുഷ്യന്റെ ഭാരം താങ്ങാൻ പോലും കെല്പുള്ള കൂറ്റൻ കൂടുകളും ചുറ്റികത്തലയൻ കൊക്കുകൾ നിർമ്മിക്കാറുണ്ട്. കൂടുകളുടെ പുറംഭാഗം തിളക്കവും നിറവുമുള്ള വസ്തുക്കളാൽ അലങ്കരിക്കും. മിക്കപ്പോഴും മൂങ്ങകൾ, കുരുവികൾ, വാത്തകൾ തുടങ്ങിയ പക്ഷികൾ ഇവ നിർമിക്കുന്ന കൂടുകളിൽ കയറി താമസിക്കാറുണ്ട്. കൂട്ടം ചേർന്ന്, തലയുയർത്തി, ചിറകുകൾ വിടർത്തി, ഉച്ചത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിച്ച് വൃത്താകൃതിയിലോടുന്ന സവിശേഷസ്വഭാവക്കാരാണ് ഈ കൊറ്റികൾ. ആഫ്രിക്കയിലെ തണ്ണീർത്തടങ്ങളിലാണ് പ്രധാനമായും ചുറ്റികത്തലയൻ കൊക്കുകളെ കാണാറുള്ളത്. ചുറ്റികയോട് സാമ്യമുള്ള തലയാണ് ഇവയുടെ പേരിനു കാരണം.





# അനുകമ്പയുടെ ഫലം

ഒരു മഹാത്മാവിന് അല്ലാഹുവിൽ നിന്ന് അറിയിപ്പ് കിട്ടി; തന്റെ ശിഷ്യരിലൊരാൾ ഒരാഴ്ചക്കുള്ളിൽ മരണപ്പെടുമെന്ന്. അതുവരെ അയാൾ സ്വന്തം കുടുംബത്തോടൊപ്പം താമസിച്ചുകൊള്ളട്ടെ എന്നു കരുതി ഗുരു അയാളെ വീട്ടിലേക്ക് പറഞ്ഞയച്ചു. ഒരാഴ്ച വീട്ടിൽ താമസിച്ചുകൊള്ളാൻ നിർദ്ദേശിച്ചു.

അയാൾ വീട്ടിലേക്ക് നടന്നു പോകവെ, വഴിയിൽ ഒരു കാഴ്ച കണ്ടു; വഴിയിലെ ഒരു പൊത്തിലേക്ക് മഴവെള്ളം ഒലിച്ചിറങ്ങുന്നു. എണ്ണമറ്റ ഉറുമ്പുകൾ ആ പൊത്തിൽ നിന്ന് പുറത്തു കടന്ന് രക്ഷപ്പെടാൻ പാടുപെടുന്നു.

ആ പാവം ജീവികളോട് ദയ തോന്നിയ അയാൾ ദ്വാരത്തിനു ചുറ്റും കുറെ ഇലകൾ കൊണ്ടുവന്നു വച്ചു. ഉറുമ്പുകൾ അതിൽ പിടിച്ചു കയറി രക്ഷപ്പെടാൻ തുടങ്ങി. വെള്ളത്തിന്റെ ഒഴുക്ക് തടയുകയും ചെയ്തു. അപ്പോൾ ബാക്കിയുള്ള ഉറുമ്പുകളും രക്ഷപ്പെട്ടു. എല്ലാ ഉറുമ്പുകളും രക്ഷപ്പെട്ടെന്ന് ബോധ്യമായ ശേഷം അയാൾ വീട്ടിലേക്കുള്ള നടത്തം തുടർന്നു. ഗുരു പറഞ്ഞ പ്രകാരം ഒരാഴ്ച വീട്ടിൽ താമസിച്ച് അയാൾ വീണ്ടും ആശ്രമത്തിലെത്തി.


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ-ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

അയാൾ തിരിച്ചുവന്നതു കണ്ട് ഗുരു അത്ഭുതപ്പെട്ടു. ഇതെങ്ങനെ? അല്ലാഹുവിൽ നിന്ന് ലഭിച്ച അറിയിപ്പ് തെറ്റാറില്ലല്ലോ. ഗുരു ശിഷ്യനോട് പിന്നെ ഉണ്ടായ കാര്യങ്ങളെല്ലാം അന്വേഷിച്ചു. ശിഷ്യൻ അവിടെ നിന്നു പുറപ്പെട്ട ശേഷം ഉണ്ടായ ഓരോ കാര്യവും അനുഭവവും വിവരിച്ചു കേൾപ്പിച്ചു.

ആ ഉറുമ്പുകളോട് കാണിച്ച ദയയും അനുകമ്പയുമാണ് ശിഷ്യന്റെ ആയുസ്സ് നീട്ടിക്കിട്ടാൻ കാരണമായതെന്ന് ഗുരുവിനു മനസ്സിലായി. ദാനധർമ്മങ്ങളും കാരുണ്യപ്രവർത്തനങ്ങളും മനുഷ്യരുടെ വിധി തന്നെ മാറ്റിത്തീർക്കുമല്ലോ, ദാനധർമ്മങ്ങൾ ആയുസ്സ് വർദ്ധിപ്പിക്കുമെന്ന് മുത്തുനബി(സ) ഉണർത്തിയതോർക്കണം. ❖





## പകൽക്കൊള്ള


2025 ഒക്ടോബർ 20ന് ലോകത്തെ ഞെട്ടിച്ച് ഒരു കൊള്ള നടന്നു. ലോകത്തെ ഏറ്റവും പ്രശസ്തമായ ആർട്ട് മ്യൂസിയങ്ങളിലൊന്നായ പാരീസിലെ ലൂവ്ര് മ്യൂസിയത്തിലാണീ കൊള്ള നടന്നത്. മ്യൂസിയത്തിലെ അമൂല്യരത്നങ്ങളുമായി വെറും എട്ടു മിനിറ്റിനുള്ളിലാണ് കൊള്ളക്കാർ കടന്നുകളഞ്ഞത്. ഈ നൂറ്റാണ്ടിലെ ഏറ്റവും സമർത്ഥമായ കൊള്ളയെന്നാണ് മാധ്യമങ്ങൾ ഇതിനെ വിശേഷിപ്പിച്ചത്. രാവിലെ 9.30ന് കോണിയിലൂടെ മ്യൂസിയത്തിനകത്തേക്കിറങ്ങിയ മോഷ്ടാക്കൾ അറ്റകുറ്റപ്പണി നടക്കുന്ന ഭാഗത്തുകൂടി ബാൽക്കണിയിലെത്തി ജനാല തകർത്ത് അപ്പോളോ ഗാലറിയിലെത്തി. ചില്ലുകൂടുകൾ തകർത്ത് ഒൻപത് രത്നങ്ങൾ കവരുകയും അതിവേഗം പുറത്തിറങ്ങി സ്ഥലം വിടുകയും ചെയ്തു. ഉദ്ദേശം 88 ദശലക്ഷം യൂറോ വിലപിടിപ്പുള്ള രത്നങ്ങളാണ് മോഷണം പോയതെന്ന് മ്യൂസിയം ഡയറക്ടർ



ലോറൻസ് ഡെ കാർസ് പറയുന്നു. ഡാവിഞ്ചിയുടെ മൊണാലിസ ഉൾപ്പെടെ വിഖ്യാതമായ ചിത്രങ്ങൾ പലതും 1793 ൽ സ്ഥാപിക്കപ്പെട്ട ഈ മ്യൂസിയത്തിലുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ സന്ദർശകരെത്തുന്ന മ്യൂസിയമാണിത്. കഴിഞ്ഞ വർഷം മാത്രം 8.7 ദശലക്ഷം സന്ദർശകരാണ് ഇവിടെയെത്തിയത്.



സഫർ
അസ്സലാമു അലൈക്കും.
വ അലൈക്കുമുസ്സലാം.
നിങ്ങളൊക്കെ കളിച്ചു ക്ഷീണിച്ചിരിക്കയാണല്ലോ. ക്ഷീണം മാറ്റാൻ ഞാനൊരു സമ്മാനം തരാം.
താങ്ക്സ്.
താങ്ക്യൂ സർ.
താങ്ക്യൂ സഫർ.
കൂട്ടുകാരേ, നിങ്ങളിപ്പോൾ എനിക്കു നന്ദി പറഞ്ഞുവല്ലോ. അതിനെക്കാൾ നല്ലൊരു നന്ദിപ്രകടനം ഞാൻ പറഞ്ഞു തരട്ടെ?
അതെന്താ?


പറഞ്ഞു താ ഇക്കാ.
ആരെങ്കിലും നിങ്ങളെ സഹായിക്കുകയോ നിങ്ങൾക്ക് സമ്മാനം നൽകുകയോ വല്ലതും പഠിപ്പിച്ചു തരികയോ മറ്റോ ചെയ്താൽ നിങ്ങൾ 'ജസാകല്ലാഹ് ഖൈർ' എന്നു പറയണം.
അങ്ങനെ പറഞ്ഞാലെന്താ ഇക്കാ?
അതൊരു പ്രാർത്ഥനയാണ് കുട്ടീ. 'അല്ലാഹു നിങ്ങൾക്ക് നന്മ പ്രതിഫലമായി നൽകട്ടെ' എന്നാണ് അതിനർത്ഥം.
ങേ.. അത് നല്ലതാണല്ലോ.
നല്ലതാ. മുത്തുനബി(സ) പഠിപ്പിച്ചതാ.
അപ്പോ മറ്റെയാൾ എന്തെങ്കിലും പറയേണ്ടതുണ്ടോ?
ങാ, 'വ ഇയ്യാക്ക' എന്നു പറയണം. 'നിങ്ങൾക്കും അല്ലാഹു നന്മ നൽകട്ടെ' എന്നർത്ഥം.


അപ്പോ ഇക്കാ, ന
മ്മള് പെണ്ണുങ്ങളോ
ടാണ് പറയുന്നതെ
ങ്കിലോ?
'ജസാകില്ലാഹ്
ഖൈർ' എന്നു
പറയണം.
അതിനു മറ്റെ
യാൾ എന്താണു
പറയേണ്ടത്?
'വ ഇയ്യാക്കി'
എന്നു പറയണം.
കുറേ ആളുകളോ
ടാണ് പറയുന്നതെ
ങ്കിലോ?
ജസാകുമുല്ലാഹ്
ഖൈർ' എന്നു
പറയണം.
നമുക്ക് വല്ല ഉപകാര
വും ചെയ്തു തരുന്ന
വർക്ക് ഇങ്ങനെ പ്രാർ
ത്ഥിക്കുന്നതാണല്ലേ
ഉത്തമം.
അതേ.
തീർച്ചയായും!
എന്നാൽ
ഞങ്ങളിനി അങ്ങ
നെ ചെയ്യാമിക്കാ.

ഷാക്കിർ തോട്ടിക്കൽ

# ഇന്ത്യയിലെ കൊടുമുടികൾ



**മാ**നം മുട്ടേ ഉയർന്നു നിൽക്കുന്ന പർവതനിരകൾ കണ്ടിട്ടില്ലേ? ഭൂമിയുടെ നിലനിൽപ്പിലും കാലാവസ്ഥ നിയന്ത്രിക്കുന്നതിലും പർവ്വതങ്ങൾക്ക് അതിപ്രധാനമായ പങ്കുണ്ട്. ഇന്ത്യയിലെ ഉയരം കൂടിയ 10 കൊടുമുടികളെ പരിചയപ്പെടാം:

### മൗണ്ട് കെ2

ഭൂമിയിലെ ഏറ്റവും ഉയരംകൂടിയ രണ്ടാമത്തെ കൊടുമുടിയാണ് മൗണ്ട് കെ2. ഇന്ത്യയിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടിയായ ഇതിന് 8,611 മീറ്റർ ഉയരമുണ്ട്. ഹിമാലയപർവ്വതനിരയുടെ ഭാഗമായ കാരക്കോറത്തിലാണിത് സ്ഥിതി ചെയ്യുന്നത്. ഇതിലേക്കുള്ള ആരോഹണം കഠിനമായതു കാരണം 'കഷ്ടതയുടെ പർവ്വതം' എന്നാണിത് അറിയപ്പെടുന്നത്.

### കാഞ്ചൻജംഗ

ഭൂമിയിലെ ഏറ്റവും ഉയരം കൂടിയ മൂന്നാമത്തെ കൊടുമുടി, ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി, ഹിമാലയത്തിലെ ഏറ്റവും ഉയരംകൂടിയ രണ്ടാമത്തെ കൊടുമുടി എന്നീ സ്ഥാന

ങ്ങളെല്ലാം കാഞ്ചൻജംഗ എന്ന കൊടുമുടിക്കാണ്. 8586 മീറ്ററാണ് ഉയരം. തീസ്റ്റ നദിയുടെ കിഴക്കായി ഇന്ത്യ, നേപ്പാൾ അതിർത്തിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്.

## നന്ദാദേവി

7817 മീറ്റർ ഉയരമുള്ള നന്ദാദേവി കൊടുമുടി തെക്കുകിഴക്കൻ ഹിമാലയത്തിലുള്ള കുമയൂൺനിരകളിലാണ് സ്ഥിതി ചെയ്യുന്നത്. നങ്ഗപർവതത്തിനും നംചബറുവയ്ക്കും മധ്യേയുള്ള ഈ കൊടുമുടി ഉത്തരാഖണ്ഡിന്റെ ഭാഗമാണ്.

## കാമെറ്റ്


നന്ദാദേവിക്കു ശേഷം ഏറ്റവും ഉയരമുള്ള രണ്ടാമത്തെ പർവതമാണ് കാമെറ്റ്. ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ ഗർവാൾമേഖലയിലാണിത് സ്ഥിതി ചെയ്യുന്നത്. 7756 മീറ്ററാണ് ഉയരം. ഒരു ഭീമൻ പിരമിഡിനോട് സാമ്യമുള്ള രൂപമാണിതിന്.

## സാൾറ്റൊറോ കാംഗ്രി

7742 മീറ്റർ ഉയരമുള്ള ഈ കൊടുമുടി സിയാച്ചിനിലെ കാരക്കോറം നിരകളിൽ സ്ഥിതി ചെയ്യുന്നു.


മൗണ്ട് കെ2


കാഞ്ചൻജംഗ


സാൾറ്റൊറോ കാംഗ്രി

## സാസർ കാംഗ്രി

കാരക്കോറം പർവതനിരയുടെ കിഴക്കേ അറ്റത്തുള്ള ഉപനിരയായ സാസർമുസ്താഗിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് സാസർ കാംഗ്രി. ലഡാക്കിലാണ് 7672













മീറ്റർ ഉയരമുള്ള ഈ കൊടുമുടി സ്ഥിതി ചെയ്യുന്നത്.

## മാമോസ്റ്റോങ് കാംഗ്രി

7516 മീറ്റർ ഉയരമുള്ള ഈ കൊടുമുടി സിയാച്ചിൻഹിമാനിയിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു.

## റിമോ മാസിഫ്

സമുദ്രനിരപ്പിൽ നിന്ന് 7385 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ കൊടുമുടി കാരക്കോറം പർവതനിരകളിലെ റിമോ മുസ്താഗ് ഉപമേഖലയിലാണുള്ളത്.

## ഹാർഡിയോൾ

കുമയൂൺ ഹിമാലയത്തിലെ പ്രധാന കൊടുമുടികളിലൊന്നാണ് 'ദൈവക്ഷേത്രം' എന്നറിയപ്പെടുന്ന ഹാർഡിയോൾ. ഉത്തരാഖണ്ഡിലെ പിത്തോറഗഡ് ജില്ലയിലെ മിലാം താഴ്‌വരയുടെ വടക്കേ അറ്റത്താണിത് സ്ഥിതിചെയ്യുന്നത്. 7151 മീറ്ററാണ് ഉയരം.

## ചൗക്കംബ

വടക്കേ ഇന്ത്യൻ സംസ്ഥാനമായ ഉത്തരാഖണ്ഡിൽ ബദരീനാഥിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ കൊടുമുടിക്ക് 7138 മീറ്റർ ഉയരമുണ്ട്.

# അടിമയുടെ ഉപദേശം

സുഹൈൽ തിനൂർ

മഹാനായ ലുഖ്മാനുൽഹകീം(റ) അടിമയായിരുന്ന കാലം. ഒരു ദിവസം യജമാനൻ ഒരാടിനെ നൽകി മഹാനോട് പറഞ്ഞു: 'ലുഖ്മാൻ, ഈ ആടിനെ അറുത്ത് അതിന്റെ മുന്തിയ മാംസം പാകം ചെയ്ത് കൊണ്ടുവരൂ.' ലുഖ്മാനുൽ ഹകീം(റ) ആ ആടിനെ അറുത്ത് അതിന്റെ നാവും ഹൃദയവും പാകം ചെയ്ത് യജമാനന് നൽകി.

ഏതാനും നാളുകൾക്കു ശേഷം മറ്റൊരാടിനെ നൽകി യജമാനൻ പറഞ്ഞു: 'ലുഖ്മാൻ, ഈ ആടിനെ അറുത്ത് അതിന്റെ മോശം മാംസം പാകം ചെയ്ത് കൊണ്ടുവരൂ.' ലുഖ്മാനുൽ ഹകീം(റ) ആ ആടിനെയും അറുത്തു. വീണ്ടും നാവും ഹൃദയവുമാണ് പാകം ചെയ്ത് യജമാനന് നൽകിയത്. അതുകണ്ട് യജമാനൻ ആശ്ചര്യത്തോടെ ചോദിച്ചു: 'ആടിന്റെ മുന്തിയ മാംസം കൊണ്ടുവരാൻ പറഞ്ഞപ്പോഴും മോശം മാംസം കൊണ്ടുവരാൻ പറഞ്ഞപ്പോഴും നീ നാവും ഹൃദയവുമാണല്ലോ കൊണ്ടുവന്നത്, എന്താണതിനു കാരണം?' ലുഖ്മാനുൽ ഹകീം(റ) പറഞ്ഞു: 'മനുഷ്യശരീരത്തിൽ നന്നായാൽ ഏറ്റവും നല്ലതും മോശമായാൽ അങ്ങേയറ്റം മോശവുമായ അവയവങ്ങളാണ് ഹൃദയവും നാവും.' അടിമയുടെ വാക്കുകൾ കേട്ട് യജമാനൻ അത്ഭുതപ്പെട്ടുപോയി.

അബൂതസ്നീം

# മണ്ണിലെങ്കിൽ നീയില്ല

'കൂട്ടുകാരേ, ഡിസംബർ 5 ലോക മണ്ണ് ദിനമാണെന്നറിയാമല്ലോ. അതിനെക്കുറിച്ച് എല്ലാവരും ഓരോ കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കണം.'

അൻവർസാർ നിർദ്ദേശിച്ചപ്പോൾ എല്ലാ മുഖങ്ങളിലും അമ്പരപ്പ്! 'ഇതെന്താപ്പോ...... മണ്ണിനും ഒരു ദിനമോ? മണ്ണിനെക്കുറിച്ച് എന്തു പറയാനാണ്?' കുഞ്ഞുമോനും സംശയം തന്നെ.

അതിനിടെ റിയാസ് ചെവിയിൽ മന്ത്രിച്ചു: 'മണ്ണാങ്കട്ട. ഈ സാർ ഓരോന്ന് തപ്പിപ്പിടിച്ചു കൊണ്ടുവരും നമ്മളെ വലയ്ക്കാന്.'

അതു കേട്ടപ്പോൾ ചിരിച്ചു പോയി. എന്നാലും സാറ് പറയുന്നതിലും നിർദ്ദേശിക്കുന്നതിലുമൊക്കെ എന്തെങ്കിലും കാര്യമുണ്ടാകുമെന്നുറപ്പാണ്. വെറുതെ സാർ ഒന്നും പറയാറില്ലല്ലോ. നാളെത്തന്നെ മാമനോട് മണ്ണുദിനത്തെക്കുറിച്ച് ചോദിച്ചറിയണമെന്ന് മനസ്സിലുറച്ചു.

സ്കൂൾ വിട്ടുപോകുമ്പോഴും രാത്രിയിലുമൊക്കെ പിന്നെ ആലോചന മണ്ണിനെക്കുറിച്ചു തന്നെയായിരുന്നു. മണ്ണ് തലയിൽ കയറിയതുകൊണ്ട് ഉറക്കം വരാനും വൈകി.

കുഞ്ഞുമോനങ്ങനെ നടക്കുകയാണ്; ഒരു മലഞ്ചരുവിലൂടെ! അപ്പോഴാണൊരു വിളി കേട്ടത്: 'കുഞ്ഞ്യോനേ... കുഞ്ഞ്യോനേ...!'

ആരാണു വിളിക്കുന്നത്? നാലു പാടും തിരിഞ്ഞുനോക്കി. ആരെയും കാണാനില്ല. കുഞ്ഞുമോന് പേടിയായി.

വല്ല ചെകു
ത്താനോ
ജിന്നോ ഭൂത
മോ മറ്റോ
ആണോ? പേടി
ച്ചു തിരിഞ്ഞോ
ടാൻ തുനി
ഞ്ഞപ്പോൾ
നല്ല സ്വരത്തിൽ
വീണ്ടും വിളി: 'കു
ഞ്ഞ്യോനേ, പേടിച്ചു
പോയോ? ഞാനാണെ
ടോ... മണ്ണ്. നീയിന്ന്
ഇതുവരെ എന്നെക്കുറി
ച്ച് ചിന്തിക്കുകയായിരു
ന്നല്ലോ.'

അതു കേട്ടപ്പോൾ
പേടി കുറഞ്ഞു.
മണ്ണ് സംസാരി
ക്കുന്നോ? എന്റെ
പേര് വിളിക്കു
ന്നോ? അത്ഭു
തം തന്നെ!

അതു
മനസ്സിലാ
ക്കിയാ
വാം, മണ്ണ്
പറഞ്ഞു:
'അത്ഭു
തപ്പെടാൻ
ഒന്നുമില്ലെ
ടോ. നമ്മള് പണ്ടേ
വേർപിരിയാത്ത ചങ്ങാതിമാ
രല്ലേ! നീയില്ലെങ്കിൽ ഞാ
നില്ല. ഞാനില്ലെങ്കിൽ നീയു



മില്ല. അതല്ലേ സത്യം?'

'നീയെന്താണീ പറയുന്ന
ത്? എനിക്കൊന്നും മന
സ്സിലാകുന്നില്ലല്ലോ.' കു

ഞ്ഞുമോൻ അമ്പരപ്പോടെ ചോദിച്ചു.

'മനസ്സിലാവുന്നില്ല



അല്ലേ? എന്നാ കേട്ടോ; മണ്ണിൽ നിന്നാണ് നിന്റെ വർഗ്ഗത്തിലെ ആദ്യപിതാവായ ആദംനബിയെ സൃഷ്ടിച്ചത്; നല്ല ഒട്ടിപ്പിടിക്കുന്ന കളിമണ്ണിൽ നിന്ന്. 'മണ്ണിൽ നിന്നു നിങ്ങളെ നാം സൃഷ്ടിച്ചു, മണ്ണിലേക്കാണു നിങ്ങളുടെ മടക്കം, മണ്ണിൽ നിന്നു നിങ്ങളെ പുനർജനിപ്പിക്കും' എന്നു പടച്ചവൻ പറഞ്ഞതും നീ കേട്ടിട്ടില്ലേ?'

കുഞ്ഞുമോന് മനസ്സിലായി; ഇക്കാര്യമെല്ലാം മദ്റസയിൽ നിന്ന് ഉസ്താദ് പറഞ്ഞിട്ടുണ്ടല്ലോ.

കുഞ്ഞുമോൻ ആലോചിച്ചു നിൽക്കേ മണ്ണ് തുടർന്നു: 'കുഞ്ഞ്യോനേ, മണ്ണിനെക്കുറിച്ചു നിനക്ക് കൂടുതൽ അറിയണമെന്നുണ്ടല്ലേ? മണ്ണിനെ ആശ്രയിച്ചാണ് മനുഷ്യരായ നിങ്ങളും മറ്റെല്ലാ ജീവജാലങ്ങളും നിലകൊള്ളുന്നത്. നിങ്ങളുടെ

ഭക്ഷണവും വസ്ത്രവും വീടും മറ്റു വസ്തുക്കളുമെല്ലാം ഉണ്ടാവണമെങ്കിൽ മണ്ണ് വേണം. കൃഷി വളരണമെങ്കിൽ നല്ല ആരോഗ്യമുള്ള മണ്ണ് വേണ്ടേ? മരങ്ങൾ വലുതാവണമെങ്കിൽ ഫലഭൂയിഷ്ഠമായ മണ്ണ് വേണ്ടേ? മണ്ണുള്ളതു കൊണ്ടാണ് നിങ്ങൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയുന്നത്. ഭക്ഷണം മാത്രമല്ല; നിങ്ങൾക്ക് ശുദ്ധജലവും ശുദ്ധവായുവും ലഭിക്കണമെങ്കിലും നല്ല മണ്ണ് വേണം. നിങ്ങളുടെ ജീവിതത്തിന് അനിവാര്യമായ സൂക്ഷ്മജീവികളെല്ലാം നിലകൊള്ളുന്നത് മണ്ണിലാണ്.

എന്നാൽ ഇതൊന്നും മനുഷ്യരായ നിങ്ങൾ ഓർക്കാറില്ല. മണ്ണിനെ നിങ്ങൾ മലിനമാക്കി കൊന്നുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ദുഷിച്ച പ്രവൃത്തികൾ കാരണം ഭൂമിയുടെ മേലെ കാണുന്ന ആരോഗ്യമുള്ള മണ്ണ് കുത്തിയൊലിച്ച് പോകുകയും ചെയ്യുന്നു.

കുഞ്ഞുമോനറിയുമോ, ഒരു സെന്റീമീറ്റർ കനത്തിൽ നല്ല മണ്ണുണ്ടാവണമെങ്കിൽ ആയിരത്തോളം വർഷം വേണം. ആ മണ്ണാണ് മനുഷ്യരുടെ അശ്രദ്ധയും ദ്രോഹപ്രവർത്തനങ്ങളും കാരണം ഇല്ലാതായിപ്പോകുന്നത്. ഇങ്ങനെ നല്ല മണ്ണ് ഇല്ലാതായിപ്പോയാലോ? നിങ്ങൾക്കു പലതരം മാറാരോഗങ്ങൾ വരും. നിങ്ങളുടെ അന്നം മുട്ടും. ശുദ്ധജലം കുറയും, ശുദ്ധവായു ഇല്ലാതാവും. അങ്ങനെയങ്ങനെ നിങ്ങളും ഇല്ലാതായിപ്പോകും.'

'നേരാണോ നീ പറയുന്നത് മണ്ണേ?'

'നേരു തന്നെ. മണ്ണായ എനിക്കു കളവു പറയേണ്ട ആവശ്യമില്ലല്ലോ.'

'എന്നാല് മണ്ണായ നിന്നെ രക്ഷിക്കാൻ എന്താണ് വഴിയെന്നു മണ്ണായ നീ തന്നെ പറഞ്ഞുതാ ചങ്ങാതീ.'

'പറഞ്ഞുതരാം. മണ്ണായ എന്നെ നിങ്ങൾ രാസവസ്തുക്കളാകുന്ന വിഷം ചേർത്ത് മലിനമാക്കരുത്. ഭൂമിയുടെ ഉപരിതലത്തിലുള്ള ഫലഭൂയിഷ്ഠമായ, ആരോഗ്യമുള്ള മണ്ണിനെ ആഴത്തിൽ കിളച്ചുമറിച്ചും ഞങ്ങളെ പിടിച്ചുനിർത്തുന്ന മരങ്ങളെയും സസ്യലതാദികളെയും നശിപ്പിച്ചും ഒഴുകിപ്പോകാനിടയാക്കരുത്. മണ്ണിനെ നിങ്ങൾ സംരക്ഷിക്കണം. എന്നാൽ മണ്ണ് നിങ്ങൾക്കും സഹായവും സംരക്ഷണവും

## ഡിസംബർ 5: ലോക മണ്ണുദിനം

ഭൂമിയിൽ മണ്ണിന്റെ പ്രാധാന്യം മനസ്സിലാക്കാനും മണ്ണു സംരക്ഷണം, പരിപാലനം തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുമാണ് ലോക മണ്ണ് ദിനം (World Soil Day) ആചരിക്കുന്നത്.

ഭൂമിയുടെ ഉപരിതലത്തിലുള്ള ഫലഭൂയിഷ്ഠമായ മണ്ണ് നശിച്ചുകൊണ്ടിരിക്കയാണ്. മനുഷ്യരുടെ തെറ്റായ പ്രവർത്തനങ്ങൾ കാരണമാണ് ജീവന്റെ നിലനിൽപ്പിന് അനിവാര്യമായ നല്ല മണ്ണ് മലിനമാകുന്നതും ഒഴുകിപ്പോകുന്നതും. ഇത് നിയന്ത്രിച്ചില്ലെങ്കിൽ ഭൂമിയിലെ ജീവിതം അസാധ്യമാകുമെന്ന് മനസ്സിലാക്കിയാണ് 2002ൽ ഇന്റർനാഷണൽ യൂണിയൻ ഓഫ് സോയിൽ സയൻസ് മണ്ണ്ദിനം ആചരിക്കാൻ യുഎന്നിനോട് ശിപാർശ ചെയ്തത്. ഇതനുസരിച്ച് യുഎൻ ജനറൽ അസംബ്ലി 2018ൽ ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഈ സംരംഭത്തിന് ഔദ്യോഗികമായി അനുമതി നൽകിയ തായ്‌ലാൻഡ് രാജാവ് ഭൂമിബോൽഅതുല്യതജിനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മദിനമായ ഡിസംബർ 5 ഈ ദിനാചരണത്തിനായി നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച് 2014 ഡിസംബർ 5 മുതലാണ് ഈ ദിനാചരണത്തിന് തുടക്കം കുറിച്ചത്.

നൽകും.

കുഞ്ഞുമോനേ, മണ്ണ് നിങ്ങളോട് കാണിക്കുന്ന സ്നേഹവും ദയവും സഹായവും അനുഭവിച്ചറിയണോ നിനക്ക്? നീയൊരു വിത്ത് ഞങ്ങൾക്ക് തന്നു നോക്കൂ. ഞങ്ങൾ അതിനെ മുളപ്പിച്ച് വളർത്തി കായ്കനികൾ തരുന്നില്ലേ? വിതയ്ക്കുകയല്ലേ നിങ്ങൾ ചെയ്യുന്നുള്ളൂ; സസ്യങ്ങളെ വളർത്തി ധാന്യം വിളയിക്കുന്നത് ഞങ്ങളല്ലേ? ഇങ്ങനെ എത്രയെത്ര ഉപകാരങ്ങൾ! അതൊന്നും പറഞ്ഞാൽ തീരില്ല. ഇപ്പോൾ നിനക്കു മനസ്സിലായില്ലേ; മണ്ണ് നിന്റെ ചങ്ങാതിയാണെന്ന്, മണ്ണില്ലെങ്കിൽ നിങ്ങളില്ലെന്ന്!'

കുഞ്ഞുമോൻ ഞെട്ടിയുണർന്നു. അപ്പോഴാണ് മനസ്സിലായത്, ഇതുവരെ സ്വപ്നം കാണുകയായിരുന്നെന്ന്. സ്വപ്നമായാലെന്താ നല്ലൊരു കുറിപ്പിനുള്ള വക കിട്ടിയല്ലോ. കുഞ്ഞുമോൻ സന്തോഷത്തോടെ വീണ്ടും ഉറങ്ങാൻ പുതപ്പിനുള്ളിലേക്ക് വലിഞ്ഞു.

ശാസ്ത്രശാല


# ഉത്തോലകങ്ങൾ

വലിയ ഭാരം ചെറിയ ബലം കൊടുത്ത് ഉയർത്തുവാൻ സഹായിക്കുന്ന ലിവറുകൾ എന്നറിയപ്പെടുന്ന ഉത്തോലകങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? ലളിതമായ ഈ യന്ത്രം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഈ ലളിതമായ പ്രവർത്തനം ചെയ്തുനോക്കൂ...

**ആവശ്യമായത്:** ഒരു ടൂത്ത്പിക്ക്

**ചെയ്യേണ്ട വിധം:**

ടൂത്ത്പിക്ക് കൈയിലെ നടുവിരലിനടിയിലും ചൂണ്ടുവിരലിന്റെയും മോതിരവിരലിന്റെയും മീതെയുമായി വയ്ക്കുക. ശേഷം വിരലുകളുടെ അഗ്രഭാഗത്തേക്ക് പരമാവധി നീക്കി വയ്ക്കുക. നടുവിരലും ചൂണ്ടുവിരലും മോതിരവിരലും ഉപയോഗിച്ച് അമർത്തി ടൂത്ത്പിക്ക് പൊട്ടിക്കാൻ ശ്രമിക്കുക. ശേഷം വിരലുകൾക്കിടയിൽ പരമാവധി കൈപത്തിയോടടുപ്പിച്ച് പൊട്ടിക്കാൻ ശ്രമിച്ചുനോക്കൂ. വിരലുകളുടെ അറ്റത്തേക്കു വെച്ച് പൊട്ടിക്കാൻ പ്രയാസമനുഭവപ്പെടും. കൈപ്പത്തിയോടടുപ്പിച്ചു വയ്ക്കുമ്പോൾ ടൂത്ത്പിക്ക് എളുപ്പത്തിൽ പൊട്ടിക്കാൻ കഴിയുന്നു.



**സംഭവിക്കുന്നത്:**

വിരലുകൾ ഒരു നട്ട്ക്രാക്കർ (അടയ്ക്കയും മറ്റും മുറിക്കാൻ ഉപയോഗിക്കുന്ന ഉപകരണം) പോലെ ഒരു ഉത്തോലകമായി പ്രവർത്തിക്കുന്നു. ഇവിടെ വിരലുകൾ കൈയുമായി ചേരുന്ന സ്ഥലമാണ് ഭ്രമണകേന്ദ്രം. കേന്ദ്രത്തിൽ നിന്ന് അകലെ വയ്ക്കുമ്പോൾ ടൂത്ത്പിക്ക് പൊട്ടിക്കാൻ കൂടുതൽ ബലം ആവശ്യമാണ്. എന്നാൽ, കേന്ദ്രത്തോടടുപ്പിച്ച് വെച്ച് പൊട്ടിക്കാൻ ശ്രമിക്കുമ്പോൾ കുറഞ്ഞ ബലം മാത്രമേ ആവശ്യമുള്ളൂ.

ഹരീഷ് ആർ നമ്പൂതിരിപ്പാട്

'എന്റെ മരത്തിലുണ്ടായ പഴങ്ങൾ കണ്ടില്ലേ ചങ്ങാതിമാരേ? ഇത് നിങ്ങൾക്കാർക്കും തരില്ല കേട്ടോ. മധുരമുള്ള പഴങ്ങൾ കൊതിച്ച് ആരും ഇതുവഴി വരേണ്ട.' ചില്ലു അണ്ണാൻ കൂട്ടുകാരെ നോക്കി ഉറക്കെ ചിലച്ചു.

# ആർത്തിക്കാരൻ ചില്ലു

'എന്റെ മരത്തിൽ വിളഞ്ഞീടുന്ന
മൂത്തുപഴുത്ത പഴങ്ങൾ കണ്ട്
ആരും നുണഞ്ഞു വന്നീടേണ്ട
ഇല്ല തരില്ലീ പഴങ്ങളൊന്നും.'

മരത്തിൽ വിശ്രമിക്കാനെത്തിയ കിളികൾക്കോ കൂട്ടുകാരായ അണ്ണാറക്കണ്ണന്മാർക്കോ മുയൽക്കുട്ടന്മാർക്കോ അവൻ ആ മരത്തിൽനിന്ന് ഒരു പഴം പോലും കൊടുത്തില്ല.

ഒരു ദിവസം വിരുന്നുകാരായി വന്ന ഒരു കൂട്ടം കിളികൾ ചില്ലുവിനോട് പറഞ്ഞു:

'ഈ മരച്ചില്ലയിൽ തൂങ്ങിയാടും
മധുരപ്പഴങ്ങളോരോന്നു വീതം
തിന്നുവാൻ കൊതിയുണ്ട് കൂട്ടുകാരാ.
തന്നിടാമോ പ്രിയ കൂട്ടുകാരാ?'

'ഹിഹി! കൂട്ടുകാരനോ, ആരുടെ കൂട്ടുകാരൻ? മരത്തിലെ പഴങ്ങൾ കണ്ട് ആരുമിപ്പോൾ എന്നോട് കൂട്ടുകൂടാൻ വരേണ്ട. മറ്റാരോടെങ്കിലും ചോദിച്ചോളൂ' എന്നുപറഞ്ഞ് ചില്ലു അവരെ കളിയാക്കിച്ചിരിച്ചു.

'ഈ ആർത്തിക്കാരനെ ഒരു പാഠം പഠിപ്പിക്കണം.' വി

രുന്നു വന്ന കിളികളുടെ നേതാവ് പറഞ്ഞു. ഉടനെ, എല്ലാ കിളികളും ഒരുമിച്ച് മരത്തിൽ നിന്ന് പഴങ്ങൾ കൊത്തിയെടുത്ത് പറക്കാൻ തുടങ്ങി. അതു കണ്ടുനിൽക്കാനേ ചില്ലുവിനു കഴിഞ്ഞുള്ളൂ.

ദേഷ്യവും സങ്കടവും സഹിക്കാൻ കഴിയാതെ അവൻ പഴങ്ങൾ പറിച്ചെടുത്ത് മരപ്പൊത്തിൽ ഒളിപ്പിച്ചുവയ്ക്കാൻ തുടങ്ങി.

ചില്ലു പഴങ്ങളെല്ലാം പറിക്കുന്നതുകണ്ട് തൊട്ടപ്പുറത്തെ മരത്തിലിരുന്ന കാക്കച്ചി പറഞ്ഞു:

'ആർത്തി വേണ്ടാ പ്രിയ കൂട്ടുകാരാ



എല്ലാമിറുത്തു കളഞ്ഞിടേണ്ടാ.
കൂട്ടുകാർക്കൊട്ടും നൽകിടാഞ്ഞാൽ
നല്ല പഴങ്ങൾ നശിച്ചുപോകും.'

ചില്ലു അത് കേട്ടതായി പോലും ഭാവിച്ചില്ല. അവൻ ആ പഴങ്ങളെല്ലാം പറിച്ച് പൊത്തിൽ നിറച്ചുവച്ചു.

ആദ്യത്തെ ഒന്നുരണ്ടു ദിവസം ചില്ലുവിന് കുശാലായിരുന്നു. അവൻ കൂട്ടുകാരെ നോക്കി പഴുത്ത പഴങ്ങൾ ഓരോന്നായി കടിച്ചു തിന്നു. എന്നാൽ, ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പഴങ്ങൾ ചീഞ്ഞുപോകാൻ തുടങ്ങി. പലതിലും പുഴുക്കൾ നിറഞ്ഞു. ചില്ലുവിന്റെ മരപ്പൊത്ത് ആകെ വൃത്തികേടായി. ദുർഗന്ധംമൂലം അങ്ങോട്ട് അടുക്കാൻ പറ്റാത്ത അവസ്ഥയായി. മറ്റു പഴങ്ങളൊന്നും ലഭിക്കാത്തതിനാൽ ചില്ലു പട്ടിണിയിലുമായി.

അവൻ സങ്കടത്തോടെ വിലപിച്ചു:
'മണ്ടത്തരം പറ്റി കൂട്ടുകാരേ,
മധുരപ്പഴങ്ങൾ നശിച്ചുവല്ലോ.
ഇല്ല, കഴിക്കുവാനൊന്നുമില്ലാ
ഹയ്യോ കഷ്ടം! പെരുത്ത നഷ്ടം.'

ഇതുകേട്ട് കുരങ്ങനപ്പൂപ്പൻ പറഞ്ഞു: 'ചില്ലൂ, ഈ പ്രകൃതിയിൽ ഒന്നും ആർക്കും സ്വന്തമല്ല. എല്ലാവർക്കും വേണ്ടി ദൈവം ഒരുക്കി വെച്ചതാണെല്ലാം. വെറുതെ ആർത്തി കാണിച്ച് ആ പഴങ്ങളെല്ലാം നീ നശിപ്പിച്ചു. അവയെടുത്ത് പുറംഭാഗം കളഞ്ഞാൽ രുചിയുള്ള വിത്തുകൾ തിന്നാൻ കിട്ടും. കൂട്ടുകാർക്കെല്ലാം നൽകണം. ബാക്കി വരുന്നവ വൃത്തിയാക്കി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യാം.'

കുരങ്ങപ്പൂപ്പൻ പറഞ്ഞതു കേട്ട് ചില്ലു നാണിച്ചു തല താഴ്ത്തി. അവൻ പഴങ്ങളുടെ വിത്തുകളെടുത്ത് കൂട്ടുകാർക്കെല്ലാം നൽകി. വിത്തുകൾ തിന്നുന്നതിനിടെ കൂട്ടുകാരെല്ലാം ചേർന്നു പാടി:
'ചില്ലു നമ്മുടെ ചങ്ങാതി
സ്നേഹമുള്ളൊരു ചങ്ങാതി
വികൃതികളിത്തിരിയുണ്ടെന്നാലും
നല്ല മനസ്സാണവനെന്നും.'

ചില്ലുവിന് സന്തോഷമായി. പിന്നീടൊരിക്കലും അവൻ ആർത്തി കാണിച്ചില്ല.



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 9

# ഗുജറാത്ത്

- തലസ്ഥാനം: ഗാന്ധിനഗർ
- വിസ്തീർണം: 1,96,224 ച.കി.മീ
- ജനസംഖ്യ: 6,04,39,692
- ജനസാന്ദ്രത: 308/ചകിമീ
- സ്ത്രീപുരുഷ അനുപാതം: 919/1000
- സാക്ഷരത: 78.03%
- ഭാഷ: ഗുജറാത്തി
- ലോക്സഭാ സീറ്റുകൾ: 26
- രാജ്യസഭാ സീറ്റുകൾ: 11
- അസംബ്ലി സീറ്റുകൾ: 182

### ചരിത്രം


- 1956 നവംബർ 1ന് വിശാല ദ്വിഭാഷാ സംസ്ഥാനമായ ബോംബെയുടെ ഭാഗമായി.
- 1960 മെയ് ഒന്നിന് ഇന്നത്തെ ഗുജറാത്ത് സംസ്ഥാനം നിലവിൽ വന്നു.
- അഹമദാബാദായിരുന്നു തലസ്ഥാനം.
- 1970ൽ ഗാന്ധിനഗർ ഗുജറാത്തിന്റെ തലസ്ഥാനമായി.

### ജില്ലകൾ

1. അഹമ്മദാബാദ്, 2. അമ്റേലി, 3. ബാണസ്കന്ദ, 4. ഭരുച്ച്, 5. ഭാവനഗർ, 6. ഗാന്ധിനഗർ, 7. ജാംനഗർ, 8. ജുനാഗഢ് 9. ഖേദ, 10. കച്ച്, 11. മെഹ്സാന, 12. പഞ്ച്മഹൽ, 13. സബർകാന്ത, 14. സൂറത്ത്, 15. സുരേന്ദ്രനഗർ, 16. ഡാങ്, 17. വഡോദര, 18. വൽസാദ്, 19. നർമദ, 20. പോർബന്തർ, 21. ആനന്ദ്, 22. പഠാൻ, 23. ദാഹോദ്, 24. നവ്സാരി, 25. രാജ്കോട്ട്, 26. താപി, 27. ബൊട്ടാദ്, 28. മോർബി, 29. ദേവ്ഭൂമി ദ്വാരക, 30. ഗിർസോമനാഥ്. 31. ആരവല്ലി, 32. മഹിസാഗർ, 33. ചോട്ടാ ഉദയ്പൂർ.

### അതിർത്തികൾ

**വടക്കുപടിഞ്ഞാറ്** – പാക്കിസ്ഥാൻ
**വടക്ക്** – രാജസ്ഥാൻ
**കിഴക്ക്** – മധ്യപ്രദേശ്
**തെക്കു കിഴക്ക്** – മഹാരാഷ്ട്ര,
**തെക്കു പടിഞ്ഞാറ്** – അറബിക്കടൽ



# മാറാത്ത സ്വഭാവം


ഒരിക്കൽ രണ്ടു ചെന്നായകൾ ഇര തേടി നടക്കുകയായിരുന്നു.
അതു നോക്കൂ മനുഷ്യർ പാടത്ത് കള പറിക്കുകയാണ്.
അതേ.
മനുഷ്യർക്ക് നമ്മെ കണ്ണെടുത്താൽ കണ്ടുകൂടാ.
അതേ. നാം ചതിയന്മാരും കള്ളന്മാരുമാണെന്നാണ് അവരുടെ വിചാരം.
ശരിയാ, നാം മനുഷ്യർക്ക് ഒരു ഉപകാരവും ചെയ്തു കൊടുക്കാറില്ലല്ലോ.
നമുക്ക് പോയി കള പറിക്കാൻ അവരെ സഹായിച്ചാലോ?
അതു കൊള്ളാം. അപ്പോൾ നമ്മെക്കുറിച്ചുള്ള അവരുടെ ചിന്ത മാറിയേക്കും.


ചെന്നായകൾ കർഷകന്മാരുടെ അടുത്തെത്തിയതും,
ങേ! ഹയ്യോ, ചെന്നായകൾ വരുന്നേ.
ങ്ഹേ? ഹയ്യോ!
ങ്ഹേ? അവരെ വ ടിയെടുത്ത് അടി ച്ചോടിക്കൂ.
വിടരുത വരെ.
ചതിയന്മാർ.
ജീവൻ വേണേൽ ഓടിക്കോ.
കഷ്ടം! ചതിയനെന്നും കള്ളനെന്നും ഒ രിക്കൽ പേരു വീണാൽ പിന്നെ അത് മാറാൻ പ്രയാസമാണ് ചങ്ങാതീ.
ശരിയാണ്. നമുക്ക് പഴ യതുപോലെത്തന്നെ ജീ വിക്കാം അല്ലേ?

റൈഹാൻ

സമസ്ത ചരിത്രം - 24

# ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാർ

'സമസ്തയുടെ പ്രവർത്തനം നാടെങ്ങും വ്യാപിപ്പിക്കണം. കേരളത്തിൽ മാത്രമല്ല; മറ്റു സംസ്ഥാനങ്ങളിലും സമസ്ത വരണം. മലയാളത്തിൽ മാത്രമല്ല; മറ്റു ഭാഷകളിലും നമ്മുടെ പ്രസിദ്ധീകരണങ്ങൾ വേണം.' ഇത്തരം പുരോഗമനപരമായ ചർച്ചകൾക്ക് സമസ്തയിൽ തുടക്കം കുറിച്ച മഹാപണ്ഡിതനാണ് ശൈഖുനാ ചാപ്പനങ്ങാടി ബാപ്പുമുസ്‌ലിയാർ. പണ്ഡിതൻ മാത്രമല്ല; മഹാനായ സൂഫിവര്യനുമായിരുന്നു. ധാരാളം കറാമത്തുകൾ കാണിച്ച വലിയ്യായിരുന്നു.

മലപ്പുറം ജില്ലയിൽ ചാപ്പനങ്ങാടി പറങ്കിമൂച്ചിക്കൽ എന്ന ഗ്രാമത്തിലാണ് 1916ൽ ബാപ്പു മുസ്‌ലിയാരുടെ ജനനം. അക്കാലത്ത് അറിയപ്പെട്ട പ്രഭാഷകനും പണ്ഡിതനുമായ ഏറിയാട് വെള്ളയങ്ങര ഹസൻമുസ്‌ലിയാരുടെയും കൊല്ലംതൊടി ബിയ്യുമ്മയുടെയും മകനാണ്.

ശൈഖുനായുടെ ആറാം വയസ്സിൽ ഉപ്പ മരണപ്പെട്ടുപോയി. പിന്നെ വളർത്തിയതും ഖുർആനും മറ്റു പ്രാഥമിക കാര്യങ്ങളും പഠിപ്പിച്ചതും ഉമ്മയാണ്. ഒമ്പതാം വയസ്സിൽ ഒതുക്കുങ്ങൽപള്ളിയിലെ ദർസിലയച്ചു. മുഹ്‌യിദ്ദീൻ മുസ്‌ലിയാർ ആയിരുന്നു ആദ്യ ഉസ്താദ്. ശേഷം മുഹമ്മദ് ഹസൻ മുസ്‌ലിയാർ, പറവണ്ണ



മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ തുടങ്ങിയ പ്രഗൽഭ പണ്ഡിതരുടെ ശിഷ്യത്വം സ്വീകരിച്ചു. 'ഇനി നിങ്ങൾ വെല്ലൂരിൽ പോയി ബിരുദം നേടണം' പറവണ്ണ ഉസ്താദ് നിർദ്ദേശിച്ചു. അതിനുള്ള ഒരുക്കങ്ങൾ നടത്തുമ്പോഴാണ് രോഗം ബാധിച്ചു കിടപ്പിലായത്. അങ്ങനെ ആ യാത്ര മുടങ്ങി. എങ്കിലും ശൈഖുനാ നിരാശനായില്ല.

ആരോഗ്യം വീണ്ടെടുത്തപ്പോൾ പഠിച്ച കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കാൻ മനസ്സു വെമ്പി. അങ്ങനെ ഏതാനും വർഷം മുദരിസായി സേവനമനുഷ്ഠിച്ചു. അപ്പോഴൊക്കെയും ശൈഖുനായുടെ മനസ്സ്



ആത്മീയലോകത്തായിരുന്നു. ഭൗതികസുഖമോഹങ്ങളൊന്നും ഉണ്ടായിരുന്നില്ല. അക്കാലത്തെ അറിയപ്പെട്ട സൂഫിവര്യന്മാരെ തേടിയിറങ്ങി ശൈഖുന. പാനായിക്കുളം അബ്ദുറഹ്മാൻ മുസ്‌ലിയാർ, ആലുവ അബൂബക്കർ മുസ്‌ലിയാർ, ശൈഖ് ബർദാൻ തങ്ങൾ തുടങ്ങിയ മഹാത്മാക്കളുമായി അടുത്ത ബന്ധം സ്ഥാപിച്ചു. തുടർന്ന് ഇന്ത്യയിലും ബഗ്ദാദ്, ഈജിപ്ത്, ഹിജാസ് തുടങ്ങിയ രാജ്യങ്ങളിലുമുള്ള മഹാത്മാക്കളുടെ മഖാമുകൾ തേടി സഞ്ചാരം തുടങ്ങി. 14 കൊല്ലത്തോളം നീണ്ട യാത്ര!

ഒടുവിൽ നാട്ടിലേക്ക് തിരിച്ചുവന്നു. ജനങ്ങൾ ശൈഖുനയെ ആദരവോടെ സ്വീകരിച്ചു. അവർക്കൊരു അഭയകേന്ദ്രമായി മാറി അദ്ദേഹം. മാരകരോഗങ്ങളിലും കഷ്ടപ്പാടിലും ദുരിതങ്ങളിലും അകപ്പെട്ടവർ പരിഹാരം തേടി ശൈഖുനയുടെ അടുത്തെത്തി. വന്നവരെല്ലാം സംതൃപ്തിയോടെയാണ് തിരിച്ചുപോയത്.

ജനങ്ങൾ വീട്ടിലേക്ക് വരുന്നതു കാത്തിരിക്കാതെ ശൈഖുനാ പ്രവർത്തനങ്ങളുമായി ജനങ്ങളിലേക്കിറങ്ങി. ജനങ്ങൾക്ക് ഏറ്റവും നല്ല



# സുന്ദരലോകം

എന്തൊരു സുന്ദരമീ ലോകം
എത്ര മനോഹരമീ ലോകം
പല പല പേരിൽ പുഷ്പങ്ങൾ
പുഴകൾ, നീല തടാകങ്ങൾ
പച്ച വിരിച്ച താഴ്വരകൾ
മാനം മുട്ടേ മലനിരകൾ
തിരകൾ തഴുകും തീരങ്ങൾ
വാനിൽ മിന്നും താരങ്ങൾ
കളകളമൊഴുകും അരുവികളും
കുളിരായ് തഴുകും പൂങ്കാറ്റും
എന്തൊരു സുന്ദരമീ ലോകം
എത്ര മനോഹരമീ ലോകം

**പി.വി.എസ് പടിക്കൽ**

വിദ്യാഭ്യാസം നൽകാനും പ്രയാസങ്ങളകറ്റാനും കർമ്മ നിരതനായി. അനേകം മത ഭൗതിക വിദ്യാലയങ്ങളുടെ ആസൂത്രകനും പ്രവർത്ത കനും സാരഥിയുമായി. ജന ങ്ങളുടെ മനസ്സ് ശുദ്ധീകരിച്ച് ആത്മീയബോധം ഉണ്ടാക്കാൻ അനേകം സ്ഥലങ്ങളിൽ ദി ക്ർ ഹൽഖകൾ സ്ഥാപിച്ചു. സമസ്ത മലപ്പുറം ജില്ലാ പ്രസിഡന്റും എസ് വൈ എസ് സംസ്ഥാന പ്രസിഡന്റും ഒക്കെയായി സംഘടനാരംഗ ത്തും സജീവമായി. സുന്നീ സംഘടനകളെ സജീവമാ ക്കാൻ ഉപദേശ നിർദ്ദേശങ്ങളു മായി പ്രവർത്തകരുടെ കൂടെ നിന്നു. ഇങ്ങനെ കേരളത്തിലെ സുന്നീരംഗത്ത് നിറഞ്ഞുനിൽ ക്കവെയാണ് ശൈഖുനയുടെ വിയോഗം. 1978 നവംബർ 27ന് ആ മഹാമനീഷി ഈ ലോകത്തോട് വിട പറഞ്ഞു. ജന്മനാടായ ചാപ്പനങ്ങാടി പറങ്കിമൂച്ചിക്കൽ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# ആത്മപരിശീലനം

**റോ**മിൽ സൈനിക സേവനത്തിലായിരുന്നു അബൂമുസ്‌ലിം അൽഖൗലാനി(റ). അപ്പോൾ ഡമസ്കസിൽ നിന്നുള്ള ഏതാനും ചിലർ അദ്ദേഹത്തിന്റെ കൂടാരത്തിലെത്തി. തമ്പിനകത്ത് ഒരു കുഴികുത്തി അതിൽ തോൽ വിരിച്ച് വെള്ളം നിറച്ചുവെച്ചിരിക്കുന്നത് അവർ കാണാനിടയായി. നോമ്പുകാരനായ മഹാൻ കഠിനമായ ചൂടിൽനിന്ന് ആശ്വാസം ലഭിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തിരിക്കുന്നതെന്നു മനസ്സിലായപ്പോൾ ആഗതർ ചോദിച്ചു: 'യാത്രക്കാരനായ അങ്ങ് എന്തിനാണ് പ്രയാസപ്പെട്ട് നോമ്പെടുക്കുന്നത്? യാത്രയിലും യുദ്ധവേളയിലും നോമ്പ് ഒഴിവാക്കുന്നതിൽ ഇളവുണ്ടല്ലോ.' അപ്പോൾ മഹാനവർകൾ പറഞ്ഞു: 'യുദ്ധത്തിന്റെ അറിയിപ്പു വന്നാൽ ഞാൻ നോമ്പ് മുറിക്കും. യുദ്ധത്തിനുവേണ്ടി ശക്തി സംഭരിക്കും. തടിച്ചുകൊഴുത്ത കുതിരക്ക് ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കാനാവില്ല. മെലിഞ്ഞ, പരിശീലനം ലഭിച്ച കുതിരകൾക്കാണതിനു സാധിക്കുക. നമ്മുടെ മുമ്പിൽ ഏതാനും ദിനങ്ങൾ മാത്രമേയുള്ളൂ. അതിൽ നമ്മൾ കർമ്മങ്ങൾ അനുഷ്ഠിക്കുന്നു.'



അബൂറയ്യാൻ

# നൊബേൽ 2025 ജേതാക്കൾ




## വൈദ്യശാസ്ത്രം

അമേരിക്കൻ ശാസ്ത്രജ്ഞരായ മേരി ഇ. ബ്രൊങ്കോവ്, ഫ്രെഡ് റംസ്ദെൽ, ജാപ്പനീസ് ശാസ്ത്രജ്ഞൻ ഡോ. ഷിമോൺ സകാഗുചി എന്നിവർക്കാണ് 2025ലെ വൈദ്യശാസ്ത്ര നൊബേൽ. മനുഷ്യശരീരത്തിലെ രോഗപ്രതിരോധശേഷി സംബന്ധിച്ച നിർണായക കണ്ടെത്തലുകൾക്കാണ് സമ്മാനം.

## ഭൗതികശാസ്ത്രം

ക്വാണ്ടം സാങ്കേതികവിദ്യയിലെ നൂതനഗവേഷണങ്ങൾക്ക് ചുക്കാൻപിടിച്ച മൂന്ന് ശാസ്ത്രജ്ഞർക്കാണ് ഇത്തവണത്തെ ഭൗതികശാസ്ത്ര നൊബേൽ. ജോൺ ക്ലാർക്ക് (ബ്രിട്ടൺ), മിഷേൽ എച്ച്. ഡെവോറൈറ്റ് (ഫ്രാൻസ്), ജോൺ എം. മാർട്ടിനസ് (യു.എസ്.) എന്നിവർക്കാണ് പുരസ്കാരം.

## രസതന്ത്രം

സുസുമു കിറ്റഗാവ (ജപ്പാൻ), റിച്ചാർഡ് റോബ്സൺ (ബ്രിട്ടൺ), ഒമർ യാഗി (യു.എസ്.) എന്നിവർക്കാണ് രസതന്ത്രനൊബേൽ.

ലോഹ അയോണുകളും ജൈവതന്മാത്രകളും സംയോജിപ്പിച്ച് ദ്രാവകങ്ങൾക്കും വാതകങ്ങൾക്കും ഒഴുകാൻ സാധിക്കുന്ന സു

ഷിരങ്ങളുള്ള ഘടനകളായ മെറ്റൽ ഓർഗാനിക് ഫ്രെയിം വർക്സ് (Mofs) കണ്ടെത്തിയതിനാണ് പുരസ്കാരം.

## സാഹിത്യം


യൂറോപ്യൻ സാഹിത്യത്തിലെ അതികായനായ, ഹംഗേറിയൻ എഴുത്തുകാരൻ ലാസ്ലോ ക്രാസ്നഹോർക്കായിക്കാണ് ഇത്തവണത്തെ സാഹിത്യ നൊബേൽ. തിരക്കഥാകൃത്ത് എന്ന നിലയിലും ശ്രദ്ധേയനാണിദ്ദേഹം. പ്രേരകവും ദർശനാത്മകവുമായ ക്രാസ്നഹോർക്കായിയുടെ രചനകൾ സർവനാശത്തെക്കുറിച്ചുള്ള ഭീതിക്കിടയിലും കലയുടെ ശക്തിയെ ഉറപ്പിക്കുന്നതാണെന്നാണ് പുരസ്കാരസമിതി വിലയിരുത്തിയത്.

## സമാധാനം

വെനസ്വേലയിലെ പ്രതിപക്ഷനേതാവും ജനാധിപത്യപ്രവർത്തകയുമായ മരിയ കൊറീന മചാഡോയ്ക്കാണ് സമാധാനത്തിനുള്ള നൊബേൽ. ജനാധിപത്യാവകാശങ്ങൾക്കും ജനാധിപത്യത്തിലേക്കുള്ള അധികാരക്കൈമാറ്റത്തിനും നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് സമിതി വ്യക്തമാക്കി.

## സാമ്പത്തികശാസ്ത്രം

നെതർലന്റിൽ ജനിച്ച യു.എസ്-ഇസ്രയേൽ സാ



മ്പത്തിക ശാസ്ത്രജ്ഞൻ ജോയൽ മൊകീർ, ഫ്രഞ്ചുകാരനായ ഫിലിപ്പെ അഗിയോൺ, കാനഡയുടെ പീറ്റർ ഹോവിറ്റ് എന്നിവർ സാമ്പത്തികശാസ്ത്ര നൊബേൽ പങ്കിട്ടു. പുതിയ കണ്ടുപിടിത്തങ്ങളും സാങ്കേതികവിദ്യയുടെ വികാസവും സാമ്പത്തികവളർച്ചയെ എങ്ങനെ സഹായിക്കുന്നുവെന്നതിനെക്കുറിച്ചുള്ള അന്വേഷണത്തിനാണ് പുരസ്കാരം.



# ബർത് ഡേ ഗിഫ്റ്റ്

'നാളെ എന്റെ ബർത് ഡേ ആണല്ലോ. നമുക്ക് ആഘോഷിക്കേണ്ടേ?' എന്റെ വാക്കുകൾ കേട്ട് വല്യുമ്മ പറഞ്ഞു: 'ആയുസ്സിൽ നിന്ന് ഒരു വർഷം കുറഞ്ഞിരിക്കയല്ലേ? അത് ആഘോഷിക്കുകയാണോ?'

ശരിയാണല്ലോ. ആയുസ്സിൽ നിന്ന് ഒരു വർഷം കുറയുമ്പോൾ മരണത്തോട് കൂടുതൽ അടുത്തു എന്നല്ലേ അർത്ഥം? ഇത്രയും കാലം ആയുസ്സ് തന്ന അല്ലാഹുവിന് കൂടുതൽ നന്ദിയർപ്പിക്കാൻ അന്ന് ഞാൻ സുന്നത്ത് നോമ്പെടുത്തു. വൈകുന്നേരം സ്കൂൾ വിട്ടു വരുമ്പോൾ എല്ലാവരും വീടിന്റെ സിറ്റൗട്ടിൽ എന്നെ സ്വീകരിക്കാൻ കാത്തിരിക്കുന്നു. എന്താണ് കാര്യമെന്നാലോചിച്ച് വീട്ടിൽ കയറിയപ്പോൾ ഉമ്മയാണ് ആ സന്തോഷവാർത്ത പറഞ്ഞത്: 'നിനക്ക് സ്മാർട്ട് സ്കോളർഷിപ്പ് കിട്ടിയിരിക്കുന്നു!'

***ആഇശ നിദ കെ, ക്ലാസ് 9, മൻശഉൽ ഉലൂം സെക്കണ്ടറി മദ്റസ, തെഞ്ചേരി***

# നന്മയുടെ മനസ്സ്

വൈകുന്നേരം ഫുട്ബോൾ കളി കഴിഞ്ഞു മടങ്ങുമ്പോൾ നാസർ അഭിജിത്തിനോടും വിഷ്ണുവിനോടും പറഞ്ഞു: 'നാളെ എന്റെ വീട്ടിൽ ഒരു സൽക്കാരമുണ്ട്. നല്ല ഭക്ഷണമുണ്ടാകും. നിങ്ങൾ രണ്ടുപേരും വരണം.'

'ഞങ്ങൾ വന്നാൽ നിന്റെ വീട്ടുകാർക്ക് പ്രയാസമാകുമോ?' അവർ ചോദിച്ചു.

'എന്തു പ്രയാസം? നിങ്ങൾ വന്നില്ലെങ്കിലാണ് എനിക്ക് പ്രയാസമുണ്ടാവുക. വീട്ടിൽ നല്ല വിഭവങ്ങൾ ഉണ്ടാക്കുമ്പോൾ അയൽക്കാർക്കും നൽകണമെന്ന് ഞങ്ങളുടെ മദ്റസയിലെ ഉസ്താദ് പറഞ്ഞിട്ടുണ്ട്.' നാസർ പറഞ്ഞു.


'ശരി. ഞങ്ങൾ വരാം.' അവർ സമ്മതിച്ചു. അടുത്ത ദിവസം വിഭവസമൃദ്ധമായ ഭക്ഷണം നൽകി നാസർ അവരെ സൽക്കരിച്ചു. എല്ലാവർക്കും സന്തോഷമായി.

***മുഹമ്മദ് അൻഫാസ്, ക്ലാസ്സ് 8, മദ്റസതുൽ ഫലാഹ്, തിരുവോട്***

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്റെ വലിയൊരു ഫാനാണ് ഞാൻ. ഞാനും ചങ്ങാതിമാരും നീ വരുന്നതു കാത്തിരിപ്പാണ്. നീ നൽകുന്ന ആക്ടിവിറ്റികൾ വളരെയധികം ഇഷ്ടമാണെനിക്ക്. ഞാൻ ഈയടുത്താണ് നിന്നെ പരിചയപ്പെട്ടത് കേട്ടോ. നിന്റെ കഥകളും എന്നെപ്പോലുള്ള കൂട്ടുകാർ




അയക്കുന്ന കത്തുകളുമെല്ലാം വായിക്കാൻ നല്ല രസമാണ്. കുസുമത്തിലെ എല്ലാ ഹീറോസും എന്റെ കൂട്ടുകാരാണ്. സ്നേഹത്തോടെ,

***മിൻഹ ഹകീം, ക്ലാസ്സ് 7, ബുസ്താനുൽ ജന്ന മദ്റസ, ചെറുതോണി***

പ്രിയപ്പെട്ട ബാലകുസുമത്തിന്,

ഓരോ തവണയും നിന്നെ കൈയിൽ കിട്ടുമ്പോൾ ഞാൻ ഉത്സാഹത്തോടെ വായിക്കാറുണ്ട്. കാരണം, നീ മതപരമായ അറിവുകളും മറ്റു അറിവുകളും എനിക്ക് സമ്മാനിക്കാറുണ്ടല്ലോ. അറിവുകൾ നേടി ഉന്നതനാകാൻ നല്ല പുസ്തകങ്ങൾ വായിക്കണമെന്ന് ഉമ്മയും ഉമ്മമ്മയും എപ്പോഴും എന്നോട് പറയാറുണ്ട്. നീയാണതിനെന്റെ ഒന്നാമത്തെ സഹായി. വീണ്ടും വരുമെന്ന പ്രതീക്ഷയോടെ,

***ഉമറുൽ ഫാറൂഖ്, ക്ലാസ് 7, മഹ്ളറ പ്ലസന്റ് വാലി, മാവൂർ***



പ്രിയപ്പെട്ട ബാലകുസുമത്തിന്,

എനിക്കും വീട്ടുകാർക്കും നിന്നെ ഏറെ ഇഷ്ടമാണ്. ഓരോ മാസവും നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കും. അബൂട്ടിയുടെ കഥയാണ് ആദ്യം വായിക്കുക. സങ്കടംകൊണ്ട് ചിലപ്പോൾ കണ്ണുകൾ നിറയും. കുസുമത്തിലെ എല്ലാ കഥകളും ഗുണപാഠങ്ങൾ നിറഞ്ഞതാണ്. കാത്തിരിപ്പോടെ,

***മുഹമ്മദ് ജാബിർ സി. എച്ച്, ക്ലാസ്സ് 7, സിറാജുൽഹുദാ സുന്നി മദ്റസ, സാഹിബുംപടി, വേങ്ങൂർ***

കെ. എ മജീദ്

# കുട്ടുമുയലിന്റെ വീട്

**മൃ**ഗങ്ങൾ കാട്ടിൽ ഒരു നല്ല വീടുണ്ടാക്കാൻ തീരുമാനിച്ചു. മഴയിൽ നിന്നും വെയിലിൽ നിന്നുമെല്ലാം സംരക്ഷണം നൽകുന്ന ഉറപ്പുള്ളൊരു വീട്. വീടുണ്ടാക്കാൻ എന്തെല്ലാം വേണം?

'ചുമരു പണിയാൻ കല്ലു വേണം
മേൽക്കൂര മേയാൻ ഓല വേണം
നിറം പൂശാൻ ചായം വേണം
അലങ്കരിക്കാൻ ചെടികൾ വേണം!'

ചർച്ച അങ്ങനെ പുരോഗമിക്കുന്നതിനിടയിലാണ് ബുദ്ധിമാനായ കുട്ടുമുയൽ അങ്ങോട്ടു വന്നത്.

'കുട്ടൂ, വീടുണ്ടാൻ എന്തെല്ലാമാണ് വേണ്ടത്?' മൃഗങ്ങൾ ചോദിച്ചു.

'വീടുണ്ടാക്കാൻ ആദ്യം ഒരു എഞ്ചിനീയറെ കണ്ട് പ്ലാൻ വരയ്പ്പിക്കണം. പിന്നെ പ്ലാൻ അനുസരിച്ച് ഉറപ്പുള്ളൊരു അടിത്തറ കെട്ടണം.' കുട്ടുമുയൽ പറഞ്ഞു.

'എന്നാൽ കുട്ടു തന്നെ പ്ലാൻ വരക്കട്ടെ' എന്നായി മൃഗങ്ങൾ.

'ഞാൻ വരച്ചാൽ പറ്റില്ല. നമുക്ക് എഞ്ചിനിയർ കുഞ്ചനാമയോട് പറയാം.'

അതു കേട്ട് മൃഗങ്ങൾ പൊട്ടിച്ചിരിച്ചു.

അവർ പറഞ്ഞു:



‘ഓടാൻ പോലും കഴിയാത്ത
ചാടാൻ പോലും അറിയാത്ത
കുഞ്ചനാമ വരച്ചാലൊന്നും
വീടിൻ രൂപം ശരിയാവില്ല!’

അവരുടെ പരിഹാസവാക്കുകൾ കേട്ട് കുട്ടുമുയൽ സങ്കടത്തോടെ മടങ്ങി. അവൻ കുഞ്ചനാമയെയും കൂട്ടി മറ്റൊരിടത്ത് ഉറപ്പുള്ള മനോഹരമായൊരു വീടുണ്ടാക്കി.



അങ്ങനെയിരിക്കെ, ഒരു ദിവസം ഭയങ്കരമായ കാറ്റും മഴയുമുണ്ടായി. മൃഗങ്ങൾ പ്ലാനില്ലാതെ നിർമിച്ച അടിത്തറയില്ലാത്ത വീട് മഴയിൽ ഒലിച്ചുപോയി.

‘ഹയ്യോ! ഞങ്ങളുടെ വീട് പോയേ!’ അവർ നിലവിളിച്ചുകൊണ്ട് ഓട്ടമായി.

അതു കണ്ട് കുട്ടുമുയൽ അവരെ വിളിച്ചു.

‘കൂട്ടുകാരേ, ദുഃഖിക്കേണ്ട. എല്ലാവരും ഞങ്ങളുടെ വീട്ടിലേക്കു വന്നോളൂ.’

അതുകേട്ട് മൃഗങ്ങൾ തിരിഞ്ഞുനോക്കി. അവർ അത്ഭുതപ്പെട്ടു; അതാ, കുട്ടുമുലും കുഞ്ചനാമയും നിർമിച്ച വലിയൊരു വീട്!

‘ഹായ്! എന്തു നല്ല വീട്! നല്ല ഭംഗിയും ഉറപ്പുമുണ്ട്. നമുക്കെല്ലാവർക്കും അവിടെ സുരക്ഷിതരായി കഴിയാം!’ അവർ അങ്ങോട്ട് നടന്നു.

കുട്ടുമുയലും കുഞ്ചനാമയും സന്തോഷത്തോടെ അവരെ സ്വാഗതം ചെയ്തു. അവർ കുട്ടുമുയലിനോട് ക്ഷമ ചോദിച്ചു.

‘അതൊന്നും സാരമില്ലെന്നേ. വീടുനിർമാണത്തിനു മാത്രമല്ല, ഏതു കാര്യത്തിനും നല്ല പ്ലാനിംഗും അടിത്തറയും ആവശ്യമാണ്.’ കുട്ടുമുയൽ പറഞ്ഞു.



മനാസ്വിർ പട്ല

# അറബി സ്വർഗീയ ഭാഷ

- വിശുദ്ധഖുർആനിന്റെ ഭാഷയാണ് അറബിഭാഷ. സ്വർഗത്തിലെ ഭാഷ എന്നും അറബിഭാഷ അറിയപ്പെടുന്നു.
- 1973 ഡിസംബർ 18നാണ് അറബിയെ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ചത്. ഈ ദിനത്തെ അനുസ്മരിച്ച് എല്ലാ വർഷവും ഡിസംബർ 18 ലോക അറബിഭാഷാദിനം ആചരിക്കുന്നു.
- ഭാഷകളിലെയും സാംസ്കാരങ്ങളിലെയും വൈവിധ്യം ആഘോഷിക്കുക, ഐക്യരാഷ്ട്രസഭയുടെ എല്ലാ ഉപഘടകങ്ങളിലും അറബിഭാഷയുടെ തുല്യമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.
- 2012 മുതൽ ഐക്യരാഷ്ട്രസഭയുടെ വിദ്യാഭ്യാസ, ശാസ്ത്ര, സാംസ്കാരിക സംഘടനയായ യുനെസ്കോയുടെ കീഴിലാണ് അറബിഭാഷാദിനം ആചരിക്കുന്നത്.
- ലോകത്ത് 422 മില്യണിലധികം ജനങ്ങളുടെ സംസാരഭാഷയും 24 രാഷ്ട്രങ്ങളുടെ മാതൃഭാഷയുമാണ് അറബി.
- സാം എന്നു പേരുള്ള നൂഹ്നബി(അ)ന്റെ പുത്രനും അവരുടെ പിൻഗാമികളും സംസാരിച്ചിരുന്നതെന്നു കരുതപ്പെടുന്ന സെമിറ്റിക് ഭാഷകളിലേക്കാണ് അറബിഭാഷയു

ടെ വേരുകൾ ചെന്നെത്തുന്നത്.

- ‘ലുഗതു ളാദ്’ (ളാദ് അക്ഷരത്തിന്റെ ഭാഷ) എന്നും അറബിഭാഷ അറിയപ്പെടുന്നു. സവിശേഷ ഉച്ചാരണമുള്ള ‘ളാദ്’ അക്ഷരം അറബി അക്ഷരമാലയിൽ മാത്രമുള്ളതാണ്.
- ഗ്രീക്ക്-റോമൻ ശാസ്ത്ര, തത്വചിന്തകളെ യൂറോപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിൽ അറബിഭാഷ പ്രധാന പങ്കു വഹിച്ചു. പല പൗരാണിക വിജ്ഞാനങ്ങളും ലോകത്തിനു ലഭ്യമായത് അറബിഭാഷയിലൂടെയാണ്.





## ഐസ്‌ലന്റിലും കൊതുക്


കൊതുകുകളില്ലാത്ത നാട് എന്നറിയപ്പെട്ടിരുന്ന ഐസ്‌ലന്റിൽ ആദ്യമായി കൊതുകിനെ കണ്ടെത്തി. തണുത്ത കാലാവസ്ഥയെ അതിജീവിക്കാൻ കഴിവുള്ള ‘കുലിസെറ്റ അനുലാറ്റ’ എന്ന കൊതുകിനത്തെയാണു കണ്ടെത്തിയത്. ഐസ്‌ലന്റ് നാഷനൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രാണിശാസ്ത്രജ്ഞനാണു കൊതുകിന്റെ സാന്നിധ്യം സ്ഥിരീകരിച്ചത്.


- അത്തർ, അസ്സൽ, വകീൽ, കത്ത്, ബദൽ, ഖജനാവ്, ഒസ്യത്ത്, തർജമ, ദുനിയാവ്, ഹരജി, ഹാജർ, ബാക്കി, അദാലത്ത്, റദ്ദ് തുടങ്ങി അറബിയിൽ നിന്ന് മലയാളത്തിലേക്ക് കടമെടുത്ത വാക്കുകൾ നിരവധിയാണ്.
- 10. അറബിക് ലിപി വലത്തു നിന്ന് ഇടത്തോട്ടാണ് എഴുതുന്നത്. വലിയ അക്ഷരങ്ങൾ, ചെറിയ അക്ഷരങ്ങൾ എന്നിങ്ങനെയുള്ള വ്യത്യാസം ഇതിലില്ല.

# കർഷകനും കുരങ്ങനും


ചന്തയിൽ മാമ്പഴം വിൽക്കാൻ പോവുകയായിരുന്നു കർഷകൻ.
ഹാവൂ, നല്ല ക്ഷീണം. ആ മരച്ചുവട്ടിൽ അൽപനേരം വിശ്രമിക്കാം.
അയാളുടെ ചാക്കിൽ എന്തായിരിക്കും?
ഞുർ.. ഞുർ..
കർഷകൻ നല്ല ഉറക്കിലാണ്. ഇതു തന്നെ തക്കം.
കുരങ്ങൻ മരത്തിൽ നിന്ന് താഴെയിറങ്ങി.
പതിയെ തുറന്നു നോക്കാം.


ഹായ്! തേനൂറും മാമ്പ ഴങ്ങൾ! കർഷകൻ ഉ ണരും മുമ്പ് പരമാവധി വാരിയെടുത്ത് മുക ളിൽ കയറാം.
ങുർ.. ങുർ..
ഹായ്! ഇന്ന ത്തെ സദ്യ കു ശാലായി.
ഹയ്യോ!
പ്ധും..!
ഭാഗ്യം അയാൾ ഉ ണർന്നിട്ടില്ല. ഇറങ്ങി ച്ചെന്ന് വേഗം എടു ത്തേക്കാം.
ങുർ.. ങുർ..


വീണുപോയ മാമ്പഴം എടുത്ത് കുരങ്ങൻ തിരിച്ചു കയറുമ്പോൾ,
ഹയ്യോ വീണ്ടും!
ധും!
ങുർ.. ങുർ..
ഭാഗ്യം! കർഷകൻ ഉണർന്നിട്ടില്ല.
കുരങ്ങൻ വീണ്ടും താഴെയിറങ്ങി.
കർഷകൻ ഇപ്പോ ഴൊന്നും ഉണരുമെന്ന് തോന്നുന്നില്ല.
പെട്ടെന്ന്,
ങ്ഹേ? എന്റെ മാമ്പഴങ്ങൾ!
ങ്ഹേ? ഹയ്യോ! കർഷകൻ ഉണർന്നു.
?!
കള്ളക്കുരങ്ങാ, എന്റെ മാമ്പഴം തിരിച്ചു താ.


ങ്ഹേ,
ഹയ്യോ!
ഹയ്യോ
കഷ്ടം!
ഒരു മാമ്പഴത്തിനു
വേണ്ടി എല്ലാ മാമ്പഴ
വും നഷ്ടപ്പെടുത്തി
യ ഞാൻ എന്തൊ
രു മണ്ടനാണ്!
സമയത്ത് ഉണർ
ന്നത് ഭാഗ്യം.

## ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. യു എൻ പൊതുസഭയുടെ എത്രാമത് സമ്മേളനമാണ് 2025 സെപ്റ്റംബർ 9 മുതൽ 29 വരെ ന്യൂയോർക്കിൽ നടന്നത്?

2. ഇന്ത്യയിലെ ഏറ്റവും നീളമേറിയ കാന്റിലിവർ ഗ്ലാസ്പാലം നിർമ്മിച്ചതെവിടെ?

3. അടുത്തിടെ പുറത്തിറങ്ങിയ 'മദർ മേരി കംസ് ടു മി' എന്ന ഓർമ്മക്കുറിപ്പ് രചിച്ചതാര്?

4. ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ പുതിയ പ്രസിഡന്റ്?

5. ലോക അറബിഭാഷാ ദിനമായി ആചരിക്കുന്നതെന്ന്?

6. കർസേവകർ ബാബരി മസ്ജിദ് തകർത്തതെന്ന്?

7. 2025ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയ കവി?

8. അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളക്ക് വേദിയാവുന്ന ജില്ല?






9. അടുത്തിടെ രവീന്ദ്രനാഥ ടാഗോറിന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ച രാജ്യം?

10. ഇന്ത്യയിലേക്കുള്ള പ്രവേശന കവാടം എന്നറിയപ്പെട്ടിരുന്ന ചുരം?

11. രാജന്തര ഏകദിന ക്രിക്കറ്റ് മത്സരത്തിൽ 50 ഓവറും സ്പിൻ ബൗളർമാരെ കൊണ്ട് പൂർത്തിയാക്കുന്ന ആദ്യ ടീമായി മാറിയ രാജ്യം?

12. ന്യൂയോർക്ക് നഗരത്തിന്റെ പുതിയ മേയർ?


13. ജപ്പാനിലെ ആദ്യ വനിതാ പ്രധാനമന്ത്രി?

14. ഈയിടെ ഇന്ത്യ സന്ദർശിച്ച താലിബാൻ വിദേശകാര്യ മന്ത്രി?

15. 2025ലെ വയലാർ അവാർഡ് ജേതാവ്?

16. ദയാവധം നിയമപരമാ







1. അരുന്ധതി റോയ്, 2.വിവേക് ഗുപ്ത, 3.കെ ജി ശങ്കരപ്പിള്ള, 4.സൊഹറാൻ മംദാനി, 5.മിഥുൻ മൻഹാസ്

ക്കിയ ആദ്യ ലാറ്റിനമേരിക്കൻ രാജ്യം?

17. ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ പുതിയ പ്രസിഡന്റ്?

18. 2026 ലോകകപ്പ് ഫുട്ബോളിനുള്ള പന്തിന്റെ പേര്?






19. 2025ലെ സാഹിത്യ നൊബേൽ പുരസ്കാരത്തിന് അർഹനായതാര്?

20. 2025ലെ ലോക പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സ്ഥാനം?

21. ‘കറുത്ത പൊന്ന്’ എന്നറിയപ്പെടുന്നത്?

22. അടുത്തിടെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ച ഏലത്തൂർ തടാകം ഏത് സംസ്ഥാനത്താണ്?

23. 2025 ഏകദിന വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ജേതാക്കളായ രാജ്യം?

24. ഏഷ്യൻ നൊബേൽ എന്നറിയപ്പെടുന്ന പുരസ്കാരം?

25. ഈയിടെ മോഷണം നടന്ന പാരീസിലെ വിഖ്യാത മ്യൂസിയം?

ഉത്തരങ്ങൾ

**ഉത്തരങ്ങൾ**: 1. 80, 2. വിശാഖപട്ടണം (ആന്ധ്രപ്രദേശ്), 3. അരുന്ധതി റോയ്, 4. വിവേക് ഗുപ്ത, 5. ഡിസംബർ 18, 6. 1992 ഡിസംബർ 6, 7. കെ ജി ശങ്കരപ്പിള്ള, 8. കണ്ണൂർ, 9. ചൈന (ബീജിംങ്), 10. ബോലാൻ ചുരം, 11. വെസ്റ്റിൻഡീസ്, 12. സൊഹറാൻ മംദാനി, 13. സനേ തകൈച്ചി, 14. അമീർഖാൻ മുത്തഖി, 15. ഇ സന്തോഷ് കുമാർ, 16. ഉറുഗ്വേ, 17. മിഥുൻ മൻഹാസ്, 18. ട്രിയോണ്ട, 19. ലാസ് ലോ ക്രാസ്നഹോർകയ്, 20. 10, 21. കുരുമുളക്, 22. തമിഴ്നാട്, 23. ഇന്ത്യ, 24. മാഗ്സസെ, 25. ലൂവ്ര്



സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ

# ഗുലാം റസൂൽ ഖാൻ

മുഹ്സിൻ കളത്തിൽകുണ്ട്

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അധികം അടയാളപ്പെടുത്താത്ത പേരുകളിലൊന്നാണ് ഗുലാം റസൂൽ ഖാൻ. കർണൂലിലെ നവാബായിരുന്ന പിതാവ് ആലിഫ് ഖാന്റെ പിൻഗാമിയായാണ് 1823ൽ ഗുലാം റസൂൽഖാൻ അധികാരത്തിൽ വന്നത്. വിദേശഭരണാധികാരികളെ ഒരിക്കലും ഗൗനിക്കാത്ത ഗുലാം റസൂൽ ഖാൻ ബ്രിട്ടീഷുകാരിൽ നിന്ന് തന്റെ രാജ്യത്തെ സംരക്ഷിക്കാൻ പോരാടാൻ തീരുമാനിച്ചു. നിസാംസംസ്ഥാനത്തെ രാജകുമാരനായ ഗോഹർഅലിഖാൻ എന്ന മുബാരിസുദ്ദൗളയുമായി അദ്ദേഹം സൗഹൃദം സ്ഥാപിച്ചു. കർണൂലിലെ കോട്ടയെ ഒരു ആയുധഫാക്ടറിയാക്കി മാറ്റി.

ഗുലാം റസൂലിന്റെ അധികാരമോഹികളായ ബന്ധുക്കൾ ഇംഗ്ലീഷുകാരുമായി ചേർന്ന് അദ്ദേഹത്തിനെതിരെ ഗൂഢാലോചന നടത്തി. 1839 ഓഗസ്റ്റ് 23ന് ഗുലാം റസൂൽ ഖാൻ കമ്പനിക്കെതിരെ യുദ്ധത്തിനു തയ്യാറെടുക്കുന്നുണ്ടെന്ന വിവരം അവർ ബ്രിട്ടീഷ് റസിഡന്റായിരുന്ന ജനറൽ ഫ്രേസറിനെ അറിയിച്ചു.

ഇക്കാര്യം അന്വേഷിക്കാൻ കമ്പനി എഡ്വേർഡ് ആംസ്ട്രോങ് എന്ന ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അദ്ദേഹം ജനറൽ ഫ്രേസറിന് ഒരു കത്തെഴുതി: 'നവാബിന്റെ ആയുധപ്പുര വളരെ വലുതാണ്. യുദ്ധത്തിനു വേണ്ടി അദ്ദേഹം വലിയ തയ്യാറെടുപ്പുകളാണ് നടത്തിയിരിക്കുന്നത്. പൂന്തോട്ടങ്ങളും രാജകൊട്ടാരങ്ങളും അദ്ദേഹം ആയുധശാലകളാക്കി മാറ്റിയിരിക്കുന്നു.'

വിവരമറിഞ്ഞ് ഭയന്നു പോയ ജനറൽ ഫ്രേസർ ഉടൻ കർണൂൽ കോട്ട പിടിച്ചെടുക്കാനും നവാബ് ഗുലാംറസൂൽ ഖാനെ അറസ്റ്റ് ചെയ്യാനും കേണൽ എ.ബി ഡൈഡസിന്റെ നേതൃത്വത്തിൽ സൈന്യത്തെ അയച്ചു. ബ്രിട്ടീഷ് സൈന്യം കർണൂൽ കോട്ട വളഞ്ഞു. ആറു ദിവസത്തെ ഘോരമായ പോരാട്ടത്തിനൊടുവിൽ 1839 ഒക്ടോബർ 18ന് കർണൂലിനടുത്തുള്ള ജോഹരാപുരം എന്ന ഗ്രാമത്തിൽ വെച്ച് ബ്രിട്ടീഷ് സൈന്യം അദ്ദേഹത്തെ പിടികൂടി തിരുച്ചിനാപ്പള്ളിയിലെ ജയിലിലടച്ചു. ഒടുവിൽ ഒരു ചതിപ്രയോഗത്തിലൂടെ അദ്ദേഹത്തെ വധിക്കാൻ ബ്രിട്ടീഷുകാർ പദ്ധതിയിട്ടു. നവാബിന്റെ ഭക്ഷണത്തിൽ വിഷം കലർത്താൻ സ്വകാര്യസേവകന് കൈക്കൂലി നൽകി. വിഷം അകത്തെത്തിയ ഗുലാം റസൂൽ ഖാൻ 1840 ജൂലൈ 12ന് മരണപ്പെട്ടു.

നവാബിന് വിഷം നൽകിയ സേവകനെ ബ്രിട്ടീഷുകാർ തന്നെ കൊലക്കുറ്റം ചുമത്തി വധശിക്ഷക്ക് വിധിച്ചു. ഈ ഗൂഢാലോചന മറച്ചുവെക്കാൻ തുടർന്ന് ബ്രിട്ടീഷ് ഭരണാധികാരികൾ പരമാവധി ശ്രമിച്ചെങ്കിലും ചരിത്രവസ്തുത പിന്നീട് വെളിച്ചത്തായി. ആന്ധ്രാപ്രദേശിലെ റായ



ലസീമയിലുള്ള ജനങ്ങൾ ഇപ്പോഴും ഗുലാം റസൂൽ ഖാനെ ഓർക്കുന്നു. ‘കണ്ട നവോലു നവാബു കഥ’ (കർനൂൾ നവാബിന്റെ കഥ) അവർക്കിടയിൽ പ്രസിദ്ധമാണ്.

നോവൽ – 26

മുജ്തബ നസ്വീഹ്

# സന്തോഷത്തിന്റെ നാളുകൾ


## അബൂട്ടി

**അ**ബൂട്ടിയിപ്പോൾ ഹാപ്പിയാണ്. അവന്റെ കവിളിൽ കണ്ണീരിന്റെ നനവില്ല. നിറഞ്ഞ ചിരിയാണുള്ളത്. രാത്രികളിൽ സുഖമായുറങ്ങുമ്പോൾ ഉപ്പ ചിരിയുമായി സ്വപ്നത്തിൽ വരും. അബൂട്ടിമോനേന്നു വിളിച്ച് വർത്തമാനങ്ങൾ ചോദിക്കും. 'മോൻ പഠിച്ചു പഠിച്ച് വലിയ ആളാവണ'മെന്ന് ഉപദേശിക്കും. മാസത്തിലൊരിക്കൽ ഉമ്മയെയും അനിയത്തിയെയും കാണാൻ അവൻ വീട്ടിൽ പോകും. അന്ന് വീട്ടിൽ എല്ലാവർക്കും നല്ല സന്തോഷമായിരിക്കും. മോളൂട്ടി അവനെ വിടാതെ പിന്നാലെ തന്നെയുണ്ടാവും. എളാപ്പ അങ്ങാടിയിൽ പോയി കോഴിയിറച്ചിയും പലഹാരങ്ങളുമൊക്കെ വാങ്ങിക്കൊണ്ടുവന്ന് അവനെ സൽക്കരിക്കും. ഉമ്മാക്ക് അവനോടു നൂറുകൂട്ടം കഥകൾ ചോദിക്കാനുണ്ടാവും. ഭക്ഷണം പാകം ചെയ്യുന്നതിനിടയിൽ പോലും അവനെ വിളിച്ച് ഉമ്മ കഥകൾ ചോദിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ ഉമ്മ പറയും: 'അബൂട്ട്യേ, മോൻ പഠിച്ചു വലിയൊരു ഉസ്താദാവണം.' അങ്ങനെയാണ് അവന്റെ മനസ്സിൽ ഉസ്താദാവണമെന്ന മോഹമുണ്ടായത്.

മദ്റസയിലെ ഉസ്താദുമാരും സ്കൂളിലെ സാറുമാരുമൊക്കെ പല ഉപദേശ


ങ്ങളും നൽകാറുണ്ട്. പല കഥകളും പറഞ്ഞുതരാറുണ്ട്. മനസ്സിൽ നന്മ നിറയ്ക്കുന്ന കഥകളാണെല്ലാം. ഒരു ദിവസം ഉസ്താദ് ഒരു അനുഭവ കഥ പറഞ്ഞു: 'കഠിനമായ നെഞ്ചുവേദനയുമായാണ് ആശുപത്രിയിൽ പോയത്. ഡോക്ടർ വിശദമായി പരിശോധിച്ച് സ്നേഹമൂറുന്ന വാക്കുകൾ പറഞ്ഞു. പേടിക്കാൻ ഒന്നുമില്ലെന്നു പറഞ്ഞ് സമാധാനിപ്പിച്ചു. അതോടെ പേടി പോയി. വേദന പകുതി കുറഞ്ഞു. അത്യാവശ്യ മരുന്നുകൾ കുറിച്ചുതന്നു. അത് കഴിച്ചതോടെ നല്ല സുഖം വന്നു. മക്കളേ, ഇതുപോലെ രോഗികളെ ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യുന്ന നല്ല ഡോക്ടർമാർ വേണം. നിങ്ങളിൽ ആർക്കൊക്കെയാണ് ഡോക്ടറാവാൻ പൂതി? പൂതിയുള്ളവർ കൈ പൊക്കിയാട്ടെ.' ആരും കൈ പൊക്കിയില്ല.

'അപ്പോൾ നിങ്ങൾക്കാർക്കും ഡോക്ടറാവാൻ ആഗ്രഹമില്ലേ?' ഉസ്താദ് വീണ്ടും ചോദിച്ചു. അപ്പോഴാണ് അബൂട്ടി എഴുന്നേറ്റു ചോദി



ച്ചത്: 'ഉസ്താദേ, ഞങ്ങൾക്ക് ഡോക്ടറാവാൻ പറ്റുമോ? ഉസ്താദാവാനല്ലേ ഞങ്ങൾ പഠിക്കുന്നത്?'

'ആരു പറഞ്ഞു പറ്റില്ലെന്ന്? നിങ്ങൾക്ക് ഡോക്ടറും എൻജിനീയറും ശാസ്ത്രജ്ഞരും നേതാക്കളുമൊക്കെയാവാം. നല്ല ആഗ്രഹവും അതിനനുസരിച്ച് പ്രവർത്തനവും വേണമെന്നു മാത്രം. എന്താ കഴിയില്ലേ?' ഇങ്ങനെ പറഞ്ഞു ഉസ്താദ് മുഖത്തേക്കു നോക്കിയപ്പോൾ അബൂട്ടി പറഞ്ഞു: 'ഉസ്താദേ, എനിക്ക് ഡോക്ടറാവണം, ഉസ്താദ് പറഞ്ഞതുപോലുള്ള നല്ലൊരു ഡോക്ടർ.'



ഉസ്താദിന്റെ മുഖം തെളിഞ്ഞു. 'മിടുക്കൻ' എന്നു പറഞ്ഞുകൊണ്ട് ഉസ്താദ് അബൂട്ടിയെ അഭിനന്ദിച്ചു. അന്നുമുതൽ അബൂട്ടിയുടെ മനസ്സിൽ ഡോക്ടറാവണമെന്ന മോഹവും ശക്തമായി. പക്ഷേ, അവനറിയില്ല എങ്ങനെയാണ്, എന്നാണ് ഡോക്ടറാവുകയെന്ന്. അതിനെന്താണ് ചെയ്യേണ്ടതെന്നും അറിയില്ല. കൂട്ടുകാരിൽ ചിലർ 'ഡോക്ടറേ' എന്നു വിളിച്ച് അവനെ കളിയാക്കും. അപ്പോഴൊക്കെ അവന്റെ മനസ്സിൽ ഡോക്ടറാവണമെന്ന മോഹവും വാശിയും ശക്തിപ്പെടുകയായിരുന്നു.

ഒരു ദിവസം വീട്ടിൽ ചെന്നു ഉമ്മയുമായി കഥകൾ പറഞ്ഞുകൊണ്ടിരിക്കെ അവൻ തന്റെ ആഗ്രഹം പ്രകടിപ്പിച്ചു: 'ഉമ്മാ എനിക്ക് നല്ലൊരു ഡോക്ടറാവണം.'

അതുകേട്ട ഉമ്മ അവനെ കണ്ണുമിഴിച്ചു നോക്കി ചോദിച്ചു: 'ഡോക്ടറാവാനോ? അതെങ്ങനെ സാധിക്കാനാണ് മോനേ? മോൻ പഠിച്ചു പഠിച്ചു ഉസ്താദാവല്ലേയുള്ളൂ?'

'അല്ലുമ്മാ, ഉസ്താദ് പറഞ്ഞിട്ടുണ്ട് കുറെ പഠിച്ചാല് ഡോക്ടറുമാവാമെന്ന്.'

അതുകേട്ട് ഉമ്മ വിശ്വസിക്കാൻ കഴിയാതെ അവനെ നോക്കി പറഞ്ഞു: 'അബൂട്ട്യേ, അതിമോഹമൊന്നും പറ്റില്ല. നമ്മൾക്ക് സാധിക്കുന്നതേ മോഹിക്കാൻ പറ്റുകയുള്ളൂ.'

അപ്പോൾ അവൻ തറപ്പിച്ചു പറഞ്ഞു: 'ഉമ്മ നോക്കിക്കോ, ഞാൻ ഒരു ഡോക്ടറാകും. എന്നിട്ട് ഉമ്മാനേം മോളൂട്ടിനേം എളാപ്പാനേം ഒക്കെ കുഴൽ വെച്ച് പരിശോധിക്കും, മരുന്ന് തരും.'

അതുകേട്ട് ഉമ്മ പൊട്ടിച്ചിരിച്ചു. എന്തിനെന്നറിയാതെ മോളൂട്ടിയും ആ ചിരിയിൽ പങ്കുചേർന്നു.

***    ***    ***

എത്ര പെട്ടെന്നാണ് ദിവസങ്ങൾ കടന്നുപോകുന്നത്! വെള്ളിയും ശനിയും ഞായറുമൊക്കെ വേഗം കടന്നുവരുന്നുണ്ടല്ലോ. ശനിയും ഞായറും സ്കൂൾ അവധിയാണ്. അന്ന് ഒത്തിരി നേരം കളിക്കാം. ഉസ്താദ് പ്രത്യേകം പറഞ്ഞിട്ടുണ്ട്, കളിയൊക്കെ വേണം. എന്നാലും കുറെ സമയം പത്രം

വായിക്കാനും പുസ്തക ങ്ങൾ വായിക്കാനും നീക്കി വെക്കണമെന്ന്. അബൂ ട്ടിക്കത് ഏറെ ഇഷ്ടപ്പെട്ട കാര്യവുമാണ്. കോളേജിലെ ലൈബ്രറിയിൽ ചെന്നാൽ ധാരാളം വാരികകളും മാസി കകളുമൊക്കെയുണ്ടാവും. പിന്നെ കഥാപുസ്തകങ്ങ ളും ചരിത്രപുസ്തകങ്ങളും മറ്റും മറ്റും. എന്നും വന്നു വായിച്ചിരിക്കുന്നതുകൊണ്ട് ലൈബ്രേറിയന് അബൂട്ടി യെ ഇഷ്ടമാണ്. നല്ല വായ നക്കാരനായ അയാൾ നല്ല പുസ്തകങ്ങളൊക്കെ കാണി ച്ചുകൊടുത്തു ചോദിക്കും: 'അബൂബക്കർ ഈ പുസ്ത കം വായിച്ചിട്ടുണ്ടോ? നല്ല പുസ്തകമാണ്.'

അങ്ങനെ അബൂട്ടി വായ നയുടെ ലോകത്തേക്കു കട ന്നു. എന്തെല്ലാം കഥകൾ! അത്ഭുതകരവും രസകരവും പഠനാർഹവുമായ അനുഭ വങ്ങൾ! ചിരിപ്പിക്കുന്നതും കരയിപ്പിക്കുന്നതും ചിന്തി പ്പിക്കുന്നതുമായ രചനകൾ! എല്ലാം ഒന്നിനൊന്നു മെ ച്ചപ്പെട്ടത്. അങ്ങനെ പുസ് തകങ്ങൾ അബൂട്ടിയുടെ കൂട്ടുകാരായി. ഒഴിവുസമയ ത്തൊക്കെ അവൻ വായന യിൽ മുഴുകി.

മദ്റസയിലും സ്കൂളിലും ക്ലാസ്സിൽ ഒന്നാം റാങ്കാണ് എന്നും അബൂട്ടിക്ക്. അതു കൊണ്ടുതന്നെ സാറുമാർ ക്കും ഉസ്താദുമാർക്കും അവനോടേറെ ഇഷ്ടമാണ്. അങ്ങനെ സ്റ്റാറായി അബൂ ട്ടി. ഇപ്പോൾ സന്തോഷി പ്പിക്കുന്ന അനുഭവങ്ങളേ യുള്ളൂ. എല്ലാവരുടെയും സ്നേഹവും സന്തോഷവും ഏറ്റുവാങ്ങി അബൂട്ടി മന സ്സിലെ വേദനകൾ മറന്നു. കയ്പ്പിക്കുന്ന അനുഭവങ്ങൾ മനസ്സിൽ നിന്നു മാഞ്ഞു.

ഇപ്പോൾ അവൻ മാമ ന്റെ വീട്ടിലെ ആടുകളെക്കു റിച്ച് ഓർക്കാറില്ല. തന്നെ എപ്പോഴും കളിയാക്കുന്ന മാമന്റെ മക്കളെക്കുറിച്ച് ചി ന്തിക്കാറില്ല. വല്ലപ്പോഴും അവരെക്കുറിച്ചുള്ള ഓർ മ്മകൾ വരുമ്പോൾ അവൻ സ്വയം പറയും; പാവങ്ങൾ! വിവരക്കേട് കൊണ്ടല്ലേ അവരെന്നോട് അങ്ങനെ യൊക്കെ പെരുമാറിയത്. ആയിക്കോട്ടെ, ഈ അബൂ ട്ടി അവർക്കെല്ലാം മേലെ വരുന്ന ഒരു കാലം വരും. ഇൻശാ അല്ലാഹ്! (തുടരും)


ഹോജ
കാട്ടിൽ നിന്ന് വിറകുവെട്ടി മടങ്ങുകയാണ് ഹോജ.
ഏയ്, ഹോജാ... താങ്കൾ എന്താണീ കാണിക്കുന്നത്?
എന്റെ കഴുത വളരെ ക്ഷീണിതനാണ്.
കഴുത എന്റെ ഭാരം വഹിക്കുമ്പോൾ വിറകിന്റെ ഭാരമെങ്കിലും ഞാൻ വഹിക്കേണ്ടേ?

ബീവി ഖദീജ(റ)
ചരിത്രം - 3

മക്കയിലെ
# പ്രകാശ താരകം

അൻവർ കാരേപറമ്പ്

## പരിശുദ്ധിയുടെ നക്ഷത്രം

**ക**അ്ബയെ വലംവെക്കുകയായിരുന്നു ഖദീജ. മനസ്സിൽ നിറയെ ആഗ്രഹങ്ങളാണ്. അന്നു കണ്ട സ്വപ്നം പുലരണേ എന്ന പ്രാർത്ഥനയായിരുന്നു അവളുടെ അധരങ്ങളിലെപ്പോഴും. സ്വപ്നം യാഥാർത്ഥ്യമായാൽ താനെത്ര വലിയ ഭാഗ്യവതി! ഏറെ നേരം പ്രാർത്ഥിച്ച് അവൾ കൂട്ടുകാരികളോടൊപ്പം ചേർന്നു. ഖദീജയുടെ ദൈർഘ്യമേറിയ പ്രാർത്ഥന കൂട്ടുകാരികൾ ശ്രദ്ധിച്ചിരുന്നു. പക്ഷേ, ഖദീജയുടെ ജീവിതരീതിയും സ്വഭാവവും നേരത്തെ അറിയുന്നതുകൊണ്ട് അതേക്കുറിച്ച് അവരൊന്നും ചോദിച്ചില്ല.

നാട്ടുവർത്തമാനങ്ങളും തമാശകളും പറഞ്ഞുകൊണ്ടിരിക്കവെ, ഒരു യഹൂദ പുരോഹിതൻ അവരുടെ അടുത്തെത്തി ഉറക്കെ വിളിച്ചു: 'ഖുറൈശിപ്പെണ്ണുങ്ങളേ...'

അതുകേട്ട് ചുറ്റുമുള്ള സ്ത്രീകളെല്ലാം തിരിഞ്ഞു നോക്കി. ആരാണയാൾ? എന്താണയാൾ പറയുന്നത്? എല്ലാവരും കാതോർത്തു.

ആഗതൻ കൂടുതൽ ഉച്ചത്തിൽ, അവിടെയാകെ മുഴങ്ങുന്ന വിധത്തിൽ പറഞ്ഞു: 'ഒരു പ്രവാചകൻ ഇതാ.... വരാൻ പോകുന്നു! സൗന്ദര്യവതികളേ, നിങ്ങൾക്ക് ആ പ്രവാചകന്റെ ഭാര്യയാകാൻ താൽപ്പര്യമുണ്ടെങ്കിൽ അതിനു പരിശ്രമിച്ചോളൂ. അതെത്ര വലിയ സൗഭാഗ്യമാണെന്നറി



യാമോ!'

പുരോഹിതന്റെ വാക്കുകൾ കേട്ട് സ്ത്രീകൾ അദ്ദേഹത്തെ പരിഹസിച്ച് ആർത്തുചിരിച്ചു. 'ഒരു പ്രവാചകൻ വരുന്നുണ്ട് പോലും!' അവർ അടക്കം പറഞ്ഞപ്പോൾ ഖദീജ ഒന്നും മിണ്ടാതെയിരുന്നു. പൂർവ്വ വേദഗ്രന്ഥങ്ങൾ പരതിയാകും അദ്ദേഹം ഇത്ര ധൈര്യത്തിൽ ഇവിടെ വന്നു വിളിച്ചു പറഞ്ഞത്. അതൊരിക്കലും കളവാകാനിടയില്ല.

ചെറുപ്പത്തിൽ കണ്ട സ്വപ്നം അവളുടെ ഹൃദയത്തെ ഒരിക്കൽ കൂടി കുളിരണിയിച്ചു. അന്ത്യപ്രവാചകനെക്കുറിച്ച് വറഖ പറഞ്ഞ കാര്യങ്ങൾ അവളോർത്തു. 'മക്കയെ പ്രകാശപൂരിതമാക്കുന്ന ആ സൂര്യൻ എന്റെ മടിത്തട്ടിലേക്കിറങ്ങി



വരുന്ന നാളെന്നാണ്?' അവൾ ആകാംക്ഷയിലായി.

തന്റെ സ്വപ്നത്തെക്കുറിച്ചു പറഞ്ഞപ്പോൾ വറഖ തുള്ളിച്ചാടിയത് ഖദീജ ഓർത്തു. 'സൗന്ദര്യത്തിന്റെ സൂര്യശോഭയായിരിക്കുമത്രെ പ്രവാചകന്!' അവൾ വറഖയിൽ നിന്ന് വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് കൂടുതൽ കൂടുതൽ കാര്യങ്ങൾ പഠിച്ചുകൊണ്ടിരുന്നു. 'ആ പ്രകാശം എന്റെ സ്വന്തമാകുന്ന നാൾ വരും' അവൾ മനസ്സിൽ മോഹക്കൊട്ടാരങ്ങൾ പണിതു.

ദേവാലയങ്ങളിൽ വിഗ്രഹങ്ങളാണ്. തിന്മകൾ നാടുവാഴുന്ന കാലമാണ്. പക്ഷേ, ഖദീജ തന്റെ പരിശുദ്ധി കാത്തുസൂക്ഷിച്ചു. തിന്മകളോട് സമരസപ്പെടാൻ അവൾക്കാകുമായിരുന്നില്ല. ജനങ്ങൾ സ്നേഹത്തോടെ അവളെ 'ത്വാഹിറ' എന്നാണ് വിളിച്ചിരുന്നത്. 'പരിശുദ്ധ' എന്നർത്ഥം. തിന്മകളോട് സമരസപ്പെട്ട് ജീവിക്കുന്ന സമൂഹത്തിൽ ആത്മവിശുദ്ധി കൈമുതലാക്കിയ ഖദീജക്ക് ഏറ്റവും ചേർന്ന പേരായിരുന്നു അത്.

ഖദീജയുടെ ആശ്രയമായിരുന്നു വറഖ. അദ്ദേഹത്തിന്റെ വേദപരിജ്ഞാനം ഖദീജക്ക് നന്നായറിയാം. അത്ഭുതങ്ങൾ സംഭവിച്ചാൽ,

വല്ല സ്വപ്നങ്ങളും കണ്ടാൽ, പ്രകൃതിയിൽ അപൂർവ്വമായ എന്തെങ്കിലും അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടാൽ, വല്ല സംശയവുമുണ്ടായാൽ ഖദീജ വറഖയുടെ അടുത്തേക്കോടും. ഖദീജയുടെ ചോദ്യങ്ങൾക്കും സ്വപ്നങ്ങൾക്കും വറഖ മികച്ച മറുപടി നൽകുകയും ചെയ്യും. വിഗ്രഹാരാധനയുടെ ഭവിഷ്യത്തുകളെക്കുറിച്ച് പലതവണ വറഖ ഖദീജയോട് സംസാരിച്ചിട്ടുണ്ട്. അതുകൊണ്ടാണല്ലോ ഇപ്പോഴും അവൾ പരിശുദ്ധി കാത്തു സൂക്ഷിക്കുന്നത്.

യൗവനത്തിലെത്തിയ ഖദീജ സൗന്ദര്യത്തിന്റെ പ്രതീകമായി മാറി. സ്വഭാവമഹിമ പറയേണ്ടതില്ലല്ലോ! അതിനാൽ മക്കയിലെ യുവാക്കൾ ഖദീജയെ സ്വപ്നം കണ്ടു. പലരും വിവാഹാഭ്യർത്ഥനകളുമായി വീട്ടിലെത്തി.

ഖദീജ ഭർത്താവായി സ്വീകരിച്ചത് അബൂഹാലയെയാണ്. സ്നേഹം നിറഞ്ഞ കുടുംബജീവിതം. അവരുടെ ദാമ്പത്യവല്ലരിയിൽ ഹിന്ദ്, ഹാല എന്നീ രണ്ടു പൂക്കൾ വിരിഞ്ഞു. സന്തോഷം നിറഞ്ഞ കാലമായിരുന്നു അത്.

പക്ഷേ, അവരുടെ സന്തോഷം അധികനാൾ നീണ്ടില്ല. ഒരുനാൾ, അബൂഹാല ഇഹലോകം വിട്ടു പോയി. ഖദീജ വിധവയായി. ധാരാളം സമ്പത്ത് ബാക്കിവെച്ചാണ് അബൂഹാല പോയത്.

പിന്നെ അതീഖുബ്നു ആഇദ് വിവാഹാഭ്യർത്ഥനയുമായി വന്നു. ഖദീജ വിവാഹത്തിനു സമ്മതിച്ചു. ഹിന്ദ് എന്നൊരു പെൺകുട്ടികൂടി മകളായി ആ കുടുംബത്തിലെത്തി. അതീഖിനൊപ്പമുള്ള ദാമ്പത്യവും അധികനാൾ നീണ്ടില്ല. അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്ന് വീണ്ടും വിധവയായ ഖദീജ, തന്റെ സമ്പത്തുപയോഗിച്ച് കച്ചവടരംഗത്തിറങ്ങി വലിയ വിജയം നേടി. വീണ്ടും പലരും വിവാഹത്തിന് പ്രേരിപ്പിച്ചെങ്കിലും അവൾ സമ്മതിച്ചില്ല. മക്കളെ നന്നായി വളർത്തുന്നതിനും കച്ചവടം വികസിപ്പിക്കുന്നതിനുമാണവൾ മുൻഗണന നൽകിയത്.

കച്ചവട കാര്യത്തിൽ ഖദീജ അതീവ സൂക്ഷ്മശാലിയായിരുന്നു. വിശ്വസ്തരെ മാത്രമേ കൂടെ നിർത്തിയിരുന്നുള്ളൂ. വിശ്വാസ്യതയില്ലെങ്കിൽ പിന്നെന്തു കച്ചവടം! ആരെയും ചതിക്കാനോ തെറ്റായ രീതിയിൽ കച്ചവടം നടത്താനോ അവൾ ഇഷ്ടപ്പെട്ടില്ല. വർഷങ്ങൾ അങ്ങനെ കടന്നുപോയി.

Current Affairs

## കേരളത്തിൽ എസ്.ഐ.ആർ

കേരളമടക്കം ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലും വോട്ടർപട്ടിക പ്രത്യേക പരിഷ്കരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി. നവംബറിൽ തുടങ്ങി ഡിസംബർ നാലുവരെയാണ് വീടുകൾ കയറിയുള്ള എന്യൂമറേഷൻ ഫോം സ്വീകരിക്കുക. കേരളത്തിൽ 2002 ലാണ് അവസാനമായി എസ്.ഐ.ആർ നടന്നത്. സംസ്ഥാനത്ത് നിലവിൽ 2.785 കോടി വോട്ടർമാരുണ്ട്.

## കിരീടംചൂടി അനന്തപുരി

തിരുവനന്തപുരത്തു നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ആതിഥേയർ ഓവറോൾ ചാമ്പ്യൻമാരായി. 203 സ്വർണവും 147 വെള്ളിയും 171 വെങ്കലവുമടക്കം 1825 പോയിന്റാണ് തിരുവനന്തപുരം നേടിയത്. വിജയികൾക്ക് ചീഫ് മിനിസ്റ്റേഴ്സ് സ്വർണക്കപ്പ് ഗവർണർ രാജേന്ദ്ര ആർലേക്കർ സമ്മാനിച്ചു. തൃശ്ശൂർ രണ്ടാംസ്ഥാനവും കണ്ണൂർ മൂന്നാംസ്ഥാനവും നേടി. അത്‌ലറ്റിക്സിൽ മലപ്പുറമാണ് ജേതാക്കൾ. അടുത്തവർഷത്തെ മേളയ്ക്ക് കണ്ണൂർ വേദിയാകും.

## ഭാരത് ടാക്സി


സ്വകാര്യവാഹനങ്ങളുടെ എണ്ണം കുറച്ച് പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന ഭാരത് ടാക്സി പരീക്ഷണയോട്ടത്തിനൊരുങ്ങുന്നു. ഡൽഹിയിലാണ് ആദ്യഘട്ടസർവീസുകൾ ആരംഭിക്കുക. ഡിസംബറോടെ രാജ്യത്തെ തിരഞ്ഞെടുത്ത ഇരുപത് നഗരങ്ങളിൽക്കൂടി പദ്ധതി പ്രാബല്യത്തിൽ വരും.

## മംദാനി മാജിക്


ന്യൂയോർക്ക് സിറ്റി തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർഥി സൊഹ്റാൻ മംദാനിക്ക് വൻവിജയം. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ മേയറുമായ ആൻഡ്രൂ ക്യൂമോയെ പരാജയപ്പെടുത്തിയാണ് മംദാനി വൻവിജയം നേടിയത്. ന്യൂയോർക്ക് നഗരത്തിന്റെ ആദ്യ മുസ്‌ലിം മേയറായ മംദാനി നഗരചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മേയർ കൂടിയാണ്. ന്യൂയോർക്കിൽ മേയറാകുന്ന ആദ്യത്തെ ഇന്ത്യൻ വംശജൻ കൂടിയാണ് മംദാനി.


## വുമൺ വിന്നേഴ്സ്

ഐസിസി വനിതാ ഏകദിന ലോകകപ്പ് ടൂർണമെന്റിൽ ഇന്ത്യ ജേതാക്കളായി. നവി മുംബൈയിൽ നടന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയെയാണു ഹർമൻപ്രീത് കൗർ നയിച്ച ഇന്ത്യൻ ടീം പരാജയപ്പെടുത്തിയത്. വനിതാ ഏകദിന ലോകകപ്പ് ചരിത്രത്തിൽ ഇന്ത്യയുടെ ആദ്യ കിരീടനേട്ടമാണിത്. ഇന്ത്യൻ താരങ്ങളായ ഷെഫാലി വർമ, ദീപ്തി ശർമ എന്നിവർ യഥാക്രമം ഫൈനലിലെയും ടൂർണമെന്റിലെയും താരങ്ങളായി.



മിസ്റ്റർ
മണ്ടപ്പൻ
പ്രസിദ്ധ മോഷ്ടാവ് തസ്കരപുരം ബാലുവിനെ പിടികൂടാൻ പോലീസ് വല വിരിച്ചെന്ന്.
മീൻ പിടിക്കാനല്ലേ വല വിരിക്കാറുള്ളത്. ഇതിപ്പോൾ?
കള്ളന്മാരെ പിടിക്കാൻ പോലീസിന് ആകെയുള്ള മാർഗ്ഗം സിസിടിവിയാണ്. എന്നാൽ...
ബാലുവിന് കൂടുതൽ ഇഷ്ടം സിസിടിവി മോഷണമാണത്രേ.
കള്ളൻ പ്രോ – മാക്സ് ആണല്ലോ.
അപ്പന്മാർ അതുവഴി
ഒരു സ്ട്രോങ്ങ് ചായ.
എനിക്കൊരു ലൈറ്റ് കട്ടൻ.


എങ്ങോട്ടാ അപ്പന്മാരേ രാവി ലെത്തന്നെ?
പുഴയുടെ അക്കരെ ഒരു ഇൻവെസ്റ്റിഗേ ഷൻ ക്യാമ്പുണ്ട്.
തസ്കരപുരം ബാലുവി നെ പിടികൂടാനുള്ള വ ല വിരിക്കൽ പരിശീല നമാണോ?
ങ്ഹേ? യാരപ്പാ ഈ ബാലു?
ഹ! നിങ്ങൾ അറിഞ്ഞില്ലേ പോലീസ് വല വിരിച്ച കാര്യം?
ങ്ഹേ? പോലീസും മീൻപിടുത്തം തുട ങ്ങിയോ?
ങ്ഹും.


അപ്പന്മാർ പുഴക്കരയിൽ,
ദാ പുഴയുടെ അപ്പുറത്താണ് നമ്മുടെ ക്യാമ്പ് സൈറ്റ്.
ഇവിടെ തോണിക്കാരനെ കാണാനില്ലല്ലോ.
നോ പ്രോബ്ലം. ഒന്ന് കൂവിയാൽ മതി; തോണി ഇക്കരയെത്തും.
കൂയ്... പൂയ്...
ഹ! കുറുക്കൻ കൂവുമോ ഇതുപോലെ? എവിടുന്ന് പഠിച്ചു മച്ചൂ?
ദാ, തോണിയെത്തി.
ങ്ഹാ! അപ്പന്മാരുമുണ്ടോ ക്യാമ്പിന്? കയറിക്കോളു.



അണ്ണേ, നീന്തൽ വശമുണ്ടോ?
ശ് ശ്.... അങ്ങനെയൊന്നും ചോദിക്കല്ലേ മച്ചൂ. തോണിക്കാരൻ കേട്ടാൽ നാണക്കേടാണ്.
തത്സമയം, പുഴയുടെ അക്കരെ ഒരുമരത്തിനു മുകളിൽ...
ഹിഹി! വരുന്നുണ്ട്. രണ്ടിനെയും ഇന്ന് തീർക്കും ഞാൻ.
ഹായ്! ശാന്തമായ സ്ഥലം.
റിയലി അമേസിംഗ്!
അപ്പന്മാർ അടുത്തെത്തുമ്പോൾ ബോംബ് താഴേക്കിടാം. നിലത്തു തട്ടിയാൽ മതി; പൊട്ടിത്തെറിക്കാൻ.
ഹയ്യോ രക്ഷിക്കണേ!
ങേ? തോണിക്കാരനല്ലേ അത്?


അപ്പന്മാരും ക്യാമ്പ് ചെയ്ത ഉദ്യോഗസ്ഥരും പുഴക്കര യിലേക്ക്...
ഹറിയപ്പ്!
കമോൺ കോംറാഡ്!
ഹയ്യോ, രക്ഷിക്കണേ!
അതേസമയം മരത്തിനു മുകളിൽ,
ങ്ഹേ? വാട്ട് ഹാപ്പെന്റ്?
പെട്ടെന്ന് ബാലു കാൽവഴുതി മരത്തിൽ നിന്ന് താഴേക്ക്.
ഹുയ്യോ, വീണേയ്!
അടുത്ത നിമിഷം,
ഡും
ഹയ്യോ, ഞാനിപ്പോ ചാകുമേ...


ങേ! എന്താണാ ശബ്ദം?
ങേ! തസ്കരപുരം ബാലുവല്ലേ അത്?
ഒരു നാടൻ ബോംബ് പൊട്ടിയതാണെന്ന് തോന്നുന്നു.
ങേ? പിടിയവനെ!
തലനാരിഴയ്ക്കാണ് നാം രക്ഷപ്പെട്ടത്.
ഹി. ഹി തോണിക്കാരൻ വീണതു നന്നായി.
ഏതായാലും അപ്പന്മാരുടെ എൻട്രി ഒരു സർപ്രൈസായി.

മാധവിവേണുഗോപാൽ കൊണ്ടാഴി

# സ്നേഹമാണ് സൗന്ദര്യം

**നീ**ലിമയിലും ചെഞ്ചുണ്ടൻ തത്തമ്മയും നല്ല സുഹൃത്തുക്കളായിരുന്നു. ചെമ്പൻമേട്ടിലുള്ള വീട്ടിമരക്കൊമ്പിലായിരുന്നു ഇരുവരും താമസിച്ചിരുന്നത്. പഴങ്ങളും ധാന്യമണികളുമെല്ലാം അവർ പരസ്പരം പങ്കുവെച്ചിരുന്നെങ്കിലും സൗന്ദര്യത്തിന്റെ കാര്യത്തിൽ അവർ തമ്മിൽ എപ്പോഴും കലഹി



ച്ചിരുന്നു.

നീലി ഇടയ്ക്കിടെ ചെഞ്ചുണ്ടനോട് പറയും: 'എന്റെ മനോഹരമായ പീലി നോക്കൂ. പീലിയില്ലാത്ത നിന്നെ കാണാൻ ഒരു ചന്തവുമില്ല.'

അപ്പോൾ ചെഞ്ചുണ്ടൻ പരിഹാസച്ചിരിയോടെ പറയും: 'ഹി ഹി... ആർക്കു വേണം പീലി. എന്റെ ചുവന്നചുണ്ടുകളും പച്ചയുടുപ്പും നിനക്കില്ലല്ലോ..'

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ വേനൽ കഴിഞ്ഞ് മഴക്കാലം തുടങ്ങി. അതോടെ നീലിമയിലിന്റെ പീലികൾ കൊഴിഞ്ഞുപോകാൻ തുടങ്ങി. അതുകണ്ട് ചെഞ്ചുണ്ടൻ തത്തമ്മ പറഞ്ഞു:

'ഹി ഹി... നിന്റെ പീലിയെല്ലാം കൊഴിഞ്ഞുപോയല്ലോ. നിന്നെ കാണാനിപ്പോൾ ഒരു ഭംഗിയുമില്ല. എന്റെ നിറം കണ്ടോ? ഇപ്പോഴും എന്തൊരു ഭംഗി!' അതു കേട്ടപ്പോൾ നീലിക്കു സങ്കടമായി. ഏതാനും മാസങ്ങൾ കൂടി കഴിഞ്ഞപ്പോൾ മഞ്ഞുകാലം വന്നു. അതോടെ ചെഞ്ചുണ്ടൻ തത്തമ്മയുടെ തൂവലുകളെല്ലാം പൊഴിഞ്ഞുപോകാൻ തുടങ്ങി. അപ്പോഴേക്കും ശരീരത്തിൽ പുതിയ പീലികൾ വന്ന് സുന്ദരിയായ നീലി ചെഞ്ചുണ്ടൻ തത്തമ്മയോട് പറഞ്ഞു:

'ഹ ഹ.. എവിടെപ്പോയി നിന്റെ സൗന്ദര്യം? പച്ചയുടുപ്പൊക്കെ നിറം മങ്ങിയല്ലോ...' അതു കേട്ട് ചെഞ്ചുണ്ടൻ നിരാശയോടെ തല താഴ്ത്തി.


അപ്പോഴാണ് ഇതെല്ലാം കേട്ടുകൊണ്ടിരുന്ന വീട്ടിമരത്തിലെ കൊറ്റിമുത്തശ്ശി പറഞ്ഞത്: 'മക്കളേ, ബാഹ്യസൗന്ദര്യം എക്കാലവും നിലനിൽക്കില്ല. മനസ്സിലുള്ള സ്നേഹമാണ് നിത്യസൗന്ദര്യം.'

**ഗണിതശാസ്ത്രദിനം**

പ്രഗത്ഭ ഇന്ത്യൻ ഗണിതശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22 ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നു. ഗണിതശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ലക്ഷ്യം.

## വഴി കാണിക്കാമോ?

രാവിലെ കാട്ടിലേക്ക് തേൻ ശേഖരിക്കാൻ ഇറങ്ങിയ മിന്നുത്തേനീച്ച വീട്ടിലേക്കുള്ള വഴി മറന്നുപോയി. വഴി കണ്ടെത്താൻ കൂട്ടുകാർ സഹായിക്കാമോ?




## എണ്ണമെഴുതാം

ഓരോ പഴങ്ങളുടെയും എണ്ണം വൃത്തത്തിലെഴുതൂ...
വലുതിനെയും ചെറുതിനെയും വൃത്തത്തിലാക്കുകയും വേണം.




## വരയ്ക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ഇടതുവശത്തെ ചിത്രം നോക്കി വലതുവശത്തെ ചിത്രത്തിനു നിറം നൽകൂ.






# പദപ്രശ്നം 2

| | | | | | |
|---|---|---|---|---|---|
| 1 കോ | 2 | 3 ലോ | | 7 ഇ | 5 |
| | 4 | | | | 6 |
| | | | 8 | | |
| | | | 11 ക | | |
| 10 | 9 ര | | | | ത്രി |

**വലത്തോട്ട്**



ചിത്രം 1

1. 'ബീഹാറിന്റെ ദുഃഖം' എന്നറിയപ്പെടുന്ന നദി?(2)
2. ശ്രീലങ്കയുടെ പഴയപേര്?(3)
4. കേരളത്തിന്റെ ഒരു അയൽസംസ്ഥാനം?(5)
8. ബാർലിയുടെ മലയാളനാമം?(2)
9. ചിത്രം 1 – മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം, ഹെഡ് കോച്ച്(5)
10. അള മുട്ടിയാൽ ......യും കടിക്കും(2)
11. തടി വ്യവസായത്തിന് പേരുകേട്ട കോഴിക്കോട്ടെ ഒരു പുഴയോര ദേശം?(3)

**താഴോട്ട്**

1. യുനെസ്കോയുടെ സാഹിത്യനഗരം പദവി നേടിയ ആദ്യ ഇന്ത്യൻ നഗരം?(4)
3. 'ക്രിക്കറ്റിന്റെ കളിത്തൊട്ടിൽ' എന്നറിയപ്പെടുന്ന ലണ്ടനിലെ ക്രി

ക്കറ്റ് സ്റ്റേഡിയം?(4)
4. കൂന്തളിന്റെ മറ്റൊരു പേര്?(3)
5. ഗുൽമോഹറിന്റെ മറ്റൊരു പേര്? (2)
6. കവി എന്ന വാക്കിന്റെ എതിർലിംഗം?(4)
7. ഒരു മലയാളമാസം?(3)

**പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത്അപ്‌ലോഡ് ചെയ്യുക.**

**അവസാന തീയതി: 2025 ഡിസംബർ 10**

## പദപ്രശ്നം 1 വിജയികൾ

1. മുഹമ്മദ് ഇർഫാൻ ടി കെ, ക്ലാസ് 7, സിഎം സ്മാരക ഹയർ സെക്കൻഡറി സുന്നി മദ്റസ, ചോലക്കരത്താഴം
2. ഫത്ഹുല്ലാഹ് നൂറാനി കെ.ജി, ക്ലാസ് 6, ദാറുൽഫത്ഹ്, കുന്നം
3. അബ്ദുറഹ്മാൻ എസ്, ക്ലാസ് 2, ഹിദായത്തുൽ ഇസ്‌ലാം, രണ്ടാംകുറ്റി
4. മുഹമ്മദ് ഫുളൈൽ ഹിശാം, ക്ലാസ് 6, മനാറുൽ ഹുദാ സുന്നി മദ്റസ, താനൂർ
5. മുഹമ്മദ് യാസീൻ ഇ കെ, ക്ലാസ് 4, അൽമദ്റസത്തുൽ ഹസനിയ്യ, കൂട്ടാവിൽ
6. അമാന പികെ, ക്ലാസ് 5, മൻഹജുസ്സുന്നി മദ്റസ, വെമ്പാടി
7. മുഹമ്മദ് ശമ്മാസ്, ക്ലാസ് 8, അൽഫലാഹ്, കൊട്ടപ്പുറം
8. അബ്ദുൽ ബായിസ് പി, ക്ലാസ് 3, ഹയാത്തുൽ ഇസ്‌ലാം സുന്നി മദ്റസ, വെള്ളിയാമ്പുറം
9. റുശ്ദ ഫാത്തിമ കെ, ക്ലാസ് 9, റൗളത്തുൽ ഉലൂം മദ്റസ, വിളയിൽ,
10. ആഇശ റന എം, ക്ലാസ് 6, മദീനത്തുൽ മദ്റസ, കിഴക്കേമല

### പദപ്രശ്നം 1 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 6 കൂ | 5 ജ | നീ | വ | 3 ഉ | 9 കാ |
| 1 നേ | പ്പാ | ൾ | 8 സ | ത്ത | ഞ്ച |
| ത്രാ | ൻ | 7 കു | തി | രാ | ൻ |
| വ | 4 കോ | ള | റ | ഖ | ജം |
| തി | 2 ജാ | ർ | ഖ | ണ്ഡ് | ഗ |

Story Line

# The Farmer and the Crane



In a village, a farmer found that some cranes were destroying his crops, so he spread a net in the field to catch them. Next day, the farmer went to check the net. He saw that in addition to the harmful cranes, a poor stork was also trapped in the net. When the crane saw the farmer started crying. He begged the farmer to let him go: 'I am a poor stork. I did not eat any crops.' But, the farmer did not listen to him. He also caught him and put him in a cage. Then farmer said to the stork: 'What



you said may be true. But since you were caught with those wicked birds, you will have to suffer the punishment of your friends.'

# കർഷകനും കൊറ്റിയും

ഗ്രാമത്തിൽ ഒരു കർഷകൻ തന്റെ വിളകൾ ചില കൊക്കുകൾ നശിപ്പിക്കുന്നുണ്ടെന്നറിഞ്ഞ് അവയെ പിടികൂടാൻ വയലിൽ വല വിരിച്ചു. അടുത്ത ദിവസം, കർഷകൻ വല പരിശോധിക്കാനെത്തി. വലയിൽ ഉപദ്രവകാരികളായ കൊക്കുകൾക്കു പുറമെ ഒരു പാവം കൊറ്റിയും കുരുങ്ങിയതായി അയാൾ കണ്ടു. കർഷകനെ കണ്ട് കൊറ്റി കരയാൻ തുടങ്ങി. തന്നെ വിട്ടയക്കാൻ കർഷകനോട് കേണപേക്ഷിച്ചു: 'ഞാനൊരു പാവം കൊറ്റിയാണ്, ഞാൻ വിളകളൊന്നും കഴിച്ചിട്ടില്ല.' എന്നാൽ, കർഷകൻ അതൊന്നും ചെവികൊണ്ടില്ല. അവനെയും പിടികൂടി കൂട്ടിലടച്ചു. കർഷകൻ പറഞ്ഞു: 'നീ പറഞ്ഞതെല്ലാം ശരിയായിരിക്കാം. പക്ഷേ, ആ ദുഷ്ടന്മാരായ പക്ഷികളോടൊപ്പം പിടിക്കപ്പെട്ടതിനാൽ കൂട്ടുകാർക്കുള്ള ശിക്ഷ നീയും അനുഭവിച്ചേ പറ്റൂ.'

# Tenses

## 11. Future perfect tense

The future perfect tense is the form of the verb that is used to show that an action will have been performed by a particular time.

### Structure

**Subject + Helping verbs (will + have) + Past participle form of the main verb + the rest of the sentence.**

- **Positive**
  - I will have dressed up by the time you reach home.
- **Negative**
  - I will not have dressed up by the time you reach home.
- **Interrogative**
  - Will I have dressed up by the time you reach home?
- **Negative Interrogative**
  - Will I not have dressed up by the time you reach home?

  Won't I have dressed up by the time you reach home?

## Uses of Future Perfect Tense

- **Referring to an action or event will be over within a certain time in the future**
  *Hary will have planted all the saplings in the garden by 4 pm.*
  *Lakshmi will have arrived by then.*
- **Referring to an action or event which will happen before another action or event in the future**
  *The train will have left by the time you reach the station.*
  *The children are very smart. They will have learnt how to do it by*
- **Making a conviction about something that will or will not happen at a time in the future**
  *I don't think Hiba will have cleaned the house completely by the time we reach.*
  *Ameena and her friends will not have finished their work by Monday, considering how things are going on now.*

**Poem**

# My umbrella



My umbrella, cute and bright,
Shielding me from rain and light.
Gift from my dad, full of cheer
I carry it close, always near.

It lessens every worry and pain
My little friend in sun and rain.
Together we go hand in hand
My dearest friend in this land.

**Salam Thirumala**


Master Imitable
Hello, Assalamu alaikum Adil. How are you?
Valaikumussalam Rizwan, I am fine. Alhamdulillah; and you?
Alhamdulillah. I am also fine. You have a surprise today.
Surprise? What's it?
Can you please come to my house today evening?
Ok. I can. In Sha Allah.
At evening,
Do you know? Today is my birthday.
Ma Sha Allah. May Allah bless you.


Tell me Adil, How should I celebrate this day?
Celebration? Nothing to celebrate my brother. It would be better to thank Allah by doing something good.
Which deed will be better?
There are many poor people in the street. They will be happy if you can give them some food.
Then follow me. Let's do it.
Both are in the street,
Keep it; my birthday gift for me.
God bless you dear son.
Here it's for you.
Thank you Bhai.
Take this my brother.
May Allah shower his blessings upon you.
Jazakallah Adil, you made my birthday colourful.
Thankyou brother.

# WORD PUZZLE

Read the story
'The Farmer and the Stork'
and find out 10 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| H | A | R | M | F | U | L |
| T | R | E | V | I | S | I |
| H | C | M | N | E | T | S |
| E | R | R | E | L | O | T |
| G | O | A | A | D | R | E |
| A | P | F | T | N | K | N |
| C | S | T | R | U | E | L |

## Name me



O



O



O

ANS: Owl, Ostrich, Octopus

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 6 | 4 | | 1 | | | |
| | | 5 | 9 | | | | 2 | |
| | | 3 | | 6 | | 4 | 9 | |
| 1 | 8 | | | | 5 | 7 | | |
| 9 | 3 | | 1 | | | 5 | 4 | 8 |
| | | | 2 | 4 | | | | 1 |
| 7 | 2 | | | | | 8 | 5 | |
| 5 | | 1 | | 3 | | 2 | | |
| 3 | | | | | 7 | | | |

## Sudoku

ANSWER
**2025 November Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 2 | 9 | 1 | 3 | 7 | 4 | 8 | 6 |
| 3 | 7 | 8 | 5 | 6 | 4 | 9 | 1 | 2 |
| 6 | 1 | 4 | 9 | 2 | 8 | 5 | 7 | 3 |
| 4 | 9 | 3 | 2 | 5 | 1 | 8 | 6 | 7 |
| 1 | 6 | 7 | 8 | 9 | 3 | 2 | 4 | 5 |
| 8 | 5 | 2 | 7 | 4 | 6 | 1 | 3 | 9 |
| 9 | 8 | 6 | 4 | 7 | 2 | 3 | 5 | 1 |
| 2 | 3 | 1 | 6 | 8 | 5 | 7 | 9 | 4 |
| 7 | 4 | 5 | 3 | 1 | 9 | 6 | 2 | 8 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**

BALAKUSUMAM
CALICUT - 673006
R.N.I. No:
KERMAL/2012/41801

Registered. No. KL/CT/205/2024-26
Licenced to post Without Pre-payment
No. KL/PMG/NR/WPP/57/KKD/2024-26
**Date of Publishing: 24. 11. 2025**

**2025 DECEMBER**
**Rs. 16/-**

# കുഞ്ഞുമനസ്സിൽ നന്മവെളിച്ചം



## കുഞ്ഞുമനസ്സിൽ നന്മ വളർത്തിയ

# 25 വർഷങ്ങൾ

**2026 ബാലകുസുമം മാസിക സിൽവർജൂബിലി വർഷം**

kusumammasika@gmail.com
www.facebook.com/balakusumam

ബാല കുസുമം മാസിക

വിലാസം
ബാലകുസുമം മാസിക
സമസ്ത സെന്റർ
ജാഫർഖാൻ കോളനി റോഡ്
കോഴിക്കോട് - 673006
ഫോൺ: 0495 2772846

സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ